# പൂർണശ്രീ

പുസ്തകം 18 ലക്കം 6 ജൂൺ 2024 വില ₹ 5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം



## മധുരം ജീവാമൃതബിന്ദു...

# ഡോ.നരേന്ദ്ര കോഹ്‌ലി രചിച്ച

# മഹാഭാരത

# നോവൽ പരമ്പര

പരിഭാഷ : ഡോ. കെ. സി. അജയകുമാർ

















| | | | |
|---|---|---|---|
| ബന്ധനം<br>₹580.00 | അധികാരം<br>₹450.00 | കർമ്മം<br>₹580.00 | ധർമ്മം<br>₹640.00 |










| | | | |
|---|---|---|---|
| അന്തരാൾ<br>₹420.00 | പ്രച്ഛന്നം<br>₹775.00 | പ്രത്യക്ഷം<br>₹650.00 | മുക്തി<br>₹775.00 |

## 25% വിലക്കുറവ് !

online bookstore: www.tbsbook.com f /poornapublications

**പൂർണ പബ്ലിക്കേഷൻസ്**
കോഴിക്കോട് - 673001
A TBS Group Initiative

കല്പറ്റ | കോഴിക്കോട് | തിരുവനന്തപുരം

E-mail: tbsbook@gmail.com
msctbsbooks@gmail.com

H.O. TBS Building, G H Road, Calicut-1 Ph: 0495-2720085/86,2721025

പൂർണശ്രീ

ജൂൺ 2024 പുസ്തകം 18 ലക്കം 6



# വായനയുടെ സായൂജ്യം

**അ**ക്ഷരാചാര്യൻ പി. എൻ. പണിക്കർ മലയാളിക്കു നൽകിയ മഹനീയ സംഭാവനകളെ അനുസ്മരിച്ച് ഒരു വായനവാരം കൂടി കടന്നുപോയി. ജൂൺ 19 മുതൽ 25 വരെ കേരളമെങ്ങും ഈ അക്ഷരാഘോഷം കെങ്കേമമായി നടന്നു. വിദ്യാലയങ്ങളിൽ വായനയുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്ന ചടങ്ങുകളുമുണ്ടായി.

'പൂർണ പബ്ലിക്കേഷൻസും' വൈവിധ്യമാർന്ന പരിപാടികളുമായി വായനവാരത്തിന്റെ പൊലിമ വർദ്ധിപ്പിച്ചു. കോഴിക്കോട്ടും തിരുവനന്തപുരത്തും വിവിധ വിദ്യാലയങ്ങളിൽ 'പൂർണ' സംഘടിപ്പിച്ച വായനവാര ക്ലാസുകളിൽ മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാർ സംസാരിച്ചു. ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങളുടെ പ്രദർശനവും വില്പനയും പ്രമുഖവിദ്യാലയങ്ങളിൽ നടത്തി. നല്ല പ്രതികരണങ്ങളാണ് ഇവയ്ക്കുണ്ടായത്. വായനവാരത്തിന് ആശംസകൾ നേർന്നുകൊണ്ട് എണ്ണമറ്റ എഴുത്തുകാരും 'പൂർണ'യ്ക്കൊപ്പം ചേർന്നു നിന്നു.

ആഗസ്റ്റിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്ന ജില്ലാതല ലൈബ്രറി കൗൺസിൽ മേളകൾക്കായുള്ള അന്തിമ തയ്യാറെടുപ്പിലാണ് 'പൂർണ' ഇപ്പോൾ. കനപ്പെട്ട പുതിയ പുസ്തകങ്ങളും ക്ലാസിക് കൃതികളും 'സമ്മാനപ്പൊതി സീസൺ 8' ഉം അടക്കം വലിയ ഗ്രന്ഥശേഖരമാണ് 'പൂർണ' സ്റ്റാളുകളിലുണ്ടാവുക. എല്ലാ മാന്യ ഗ്രന്ഥശാലാ പ്രവർത്തകരുടെയും അളവറ്റ പിന്തുണ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**എൻ. ഇ. മനോഹർ**




## ഈ ലക്കത്തിൽ വായിക്കുക

മധുരം ജീവാമൃതബിന്ദു 4

ഗൾഫിലെ യുദ്ധം 10
കഥ
മാധവിക്കുട്ടി

കവിത- സ്മിഷ. സി 13

അക്ഷരവിദ്യയുടെ ആകാശങ്ങൾ 14
കൂമുള്ളി ശിവരാമൻ

കവർ : കൈതപ്രം ദാമോദരൻ നമ്പൂതിരി
കവർ ഫോട്ടോ : അഞ്ജലി രാജീവ്

മാനേജിംഗ് എഡിറ്റർ
**എൻ.ഇ.മനോഹർ**
ചീഫ് എഡിറ്റർ
**ഡോ.കെ.ശ്രീകുമാർ**
എഡിറ്റർ
**അഞ്ജലി രാജീവ്**


പത്രാധിപസമിതി
**ഡോ.കെ.വി.തോമസ്**
**സുരേഷ് ഇ.പി.**
**സുഷമകുമാരി കെ.**
**ഷീബ മുരളീധരൻ**
**മിനി അനിൽ**
**അനൂപ് എം.പി.**

ടൈപ്പ് സെറ്റിംഗ്
**പ്രസീദ എം.**
**ലിജി.ടി.കെ.**

ലേ ഔട്ട് & കവർ ഡിസൈനിംഗ്
**സുബിൻ യുവ**

224(6-2024)a.o.e

**POORNASREE MONTHLY, POORNA PUBLICATIONS** TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications



# മധുരം ജീവാമൃതബിന്ദു

**അഞ്ജലി രാജീവ് & അനൂപ് എം. പി.**

**പൂ**വിതളിന്മേൽ ബ്രഹ്മം തന്നെ പ്രതിഫലിപ്പിക്കുന്ന നീഹാരബിന്ദുപോലെ, അക്ഷരങ്ങളിലൂടെ തന്നിൽത്തന്നെയുള്ള അനാദ്യന്തനായ ഈശ്വരചൈതന്യത്തെ തൊട്ടറിഞ്ഞ്, ജീവാത്മാവിനെ പാടിയുണർത്തി പ്രപഞ്ചത്തെ കച്ഛപിവീണയാക്കി മീട്ടുന്ന പുണ്യം. ആ വിരലുകളുടെ മാന്ത്രികതയിൽ നിന്നൂർന്നുവീണ കവിതകളെല്ലാം ആസ്വാദകർ ആത്മാവിന്റെ പുസ്തകത്താളുകളിൽ മയിൽപ്പീലികളായി എടുത്തുവച്ചു. വാക്കുകളുടെ പൂത്താലം വലംകൈയിലേന്തി, കണ്ണാടിപ്പുഴ നീന്തിക്കയറി മായാമയൂരമായി പീലിനീർത്തി ആ കവിതകൾ മലയാളികളുടെ ഹൃദയങ്ങളിൽ നൃത്തമാടി.

കൈതപ്രം കണ്ണാടിമനയിൽ കേശവൻ നമ്പൂതിരിയുടെയും, അദിതി അന്തർജ്ജനത്തിന്റെയും മകൻ. ഇല്ലായ്മകളും സങ്കടങ്ങളും ഇഴചേർന്ന കുട്ടിക്കാലത്തും സംസ്കൃതപഠനവും വായനയുമൊന്നും കൈവിടാത്ത ബാല്യം. പഠനത്തോടൊപ്പം ശാസ്ത്രീയമായി സംഗീതവും അഭ്യസിച്ചു പോന്നു. ചെമ്പൈ വൈദ്യനാഥഭാഗ

വതർ സാഹിത്യവും സംഗീതവും ചാലിച്ചുചേർത്ത് അന്നപ്രാശനം നടത്തിയതുകൊണ്ടാണോ പിൽക്കാലത്ത് രണ്ടു മേഖലയിലും അദ്ദേഹം പൂർണശോഭയോടെ വിളങ്ങുന്നു. കോട്ടയം പഴശ്ശിതമ്പുരാനാണ് ആദ്യഗുരു.

തിരുവനന്തപുരത്ത് സംഗീതവിദ്യാർത്ഥിയായിരിക്കെ ആകാശവാണിയിൽ പാടാനുള്ള അവസരം ലഭിച്ചു. പരന്ന വായന പതിയെപ്പതിയെ കവിതയെഴുത്തിലേക്ക് പിച്ച നടത്തിച്ചു. വിവിധ ആനുകാലികങ്ങളിൽ രചനകൾ അച്ചടിച്ചുവരാൻ ആരംഭിച്ചു. 450 ലധികം ചലച്ചിത്രങ്ങൾക്ക് ഗാനരചന നിർവ്വഹിച്ചുകൊണ്ട് ഇന്നും തുടരുന്ന അക്ഷരപൂജ. മലയാളികളുടെ പ്രിയപ്പെട്ട കൈതപ്രം ദാമോദരൻ നമ്പൂതിരിയുമായി നടത്തിയ അഭിമുഖസംഭാഷണം.

***മാതൃഭൂമിക്കാലം***

**ഉ.** കുറച്ചുകാലം പ്രൂഫ് റീഡറായി ജോലി ചെയ്തു. അക്കിത്തത്തെപ്പോലെ, അതികായന്മാരുടെ കവിതകൾ പ്രൂഫ് നോക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. അതുകൂടാതെ, സ്വന്തം കവിതകൾ പ്രൂഫ് നോക്കുക എന്ന രസകരമായ സംഭവവും ഓർക്കുന്നുണ്ട്.

? ***കലാരംഗത്തേക്കുള്ള കടന്നുവരവ്***

**ഉ.** 1970 കളിലാണ് കവിതാ-ഗാനരംഗത്തേക്ക് കടന്നത്. ചില കവിതകളൊക്കെ വിവിധ മാസികകളിൽ അച്ചടിച്ചു വരാൻ തുടങ്ങി. 1974 ൽ ആകാശവാണിയിൽ പാടാൻ അവസരം ലഭിച്ചു. കാവാലം, നരേന്ദ്രപ്രസാദ് തുടങ്ങിയ പ്രതിഭകളോടൊപ്പം നാടകരംഗത്തേക്ക് പ്രവേശിച്ചു. 'നാട്യഗൃഹം' നാടകഗ്രൂപ്പിനുവേണ്ടി പാട്ടുകളെഴുതുകയും ഈണമിടുകയും പാടുകയും ചെയ്തിരുന്നു. ചിലതിൽ അഭിനയിച്ചിട്ടുമുണ്ട്. 1986 ൽ ഫാസിലിന്റെ 'എന്നെന്നും കണ്ണേട്ടന്റെ' എന്ന സിനിമയിലൂടെ ചലച്ചിത്രഗാനരചനാമേഖലയിലേക്ക് കടന്നു. ജെറി അമൽദേവിന്റെ സംഗീത സംവിധാനത്തിൽ 'ദേവദുന്ദുഭി സാന്ദ്രലയം' എന്ന എക്കാലത്തെയും ഹിറ്റ് ഗാനമായിരുന്നു ആദ്യമായി എഴുതിയത്. വ്യത്യസ്തമായ ഗാനങ്ങൾ ഉൾക്കൊള്ളിച്ച സിനിമയേക്കാൾ അതിലെ പാട്ടുകൾ സൂപ്പർഹിറ്റായി.

**? *വളരെ വ്യത്യസ്തമായ ഒരുപിടി ഗാനങ്ങൾ. അതിൽ എൻ കരളിൽ താമസിച്ചാൽ മാപ്പുതരാം രാക്ഷസി, കറുപ്പിനഴക് വെളുപ്പിനഴക്, ലജ്ജാവതിയേ തുടങ്ങിയവ തന്റെ രീതിയിൽ നിന്ന് മാറി എന്നു തോന്നിയിട്ടുണ്ടോ?***

**ഉ.** ഒരിക്കലുമില്ല. ഒരു പ്രയാസവും തോന്നിയിട്ടില്ല. കഥ ആവശ്യപ്പെടുന്ന രീതിയിൽ ഗാനരചന നടത്തുക എന്നത് ഗാനരചയിതാവിന്റെ കടമയാണ്. അതേറ്റെടുക്കുന്നതിൽ സന്തോഷമേയുള്ളൂ. ലജ്ജാവതിയേ എന്ന ഗാനമൊക്കെ സിനിമാഗാനങ്ങളിലെ മാറ്റത്തെ കുറിക്കുന്നതാണ്. എഴുത്തുകാരന്റെ ഏറ്റവും വലിയ വെല്ലുവിളി മാറ്റങ്ങളെ നേരിടുക, അതിജീവിക്കുക എന്നതാണ്. മുന്നോട്ടുള്ള യാത്ര സുഗമമാവണമെങ്കിൽ കാലം ആവശ്യപ്പെടുന്ന മാറ്റങ്ങളെ കൈനീട്ടി സ്വീകരിച്ചേ പറ്റൂ. സമരസപ്പെടുക എന്നതാണ് എവിടെയും എന്റെ രീതി.

'കറുപ്പിനഴക് വെളുപ്പിനഴക്' എന്ന ഗാനം ശരിക്കും പ്രകൃതിയെക്കുറിച്ച് എഴുതിയ വരികളാണ്. പുലർകാലത്ത് ഇരുളും വെളിച്ചവും ഇണ ചേരുന്ന ദൃശ്യമാണ് ആ വരികളുടെ ആധാരം. പുലരിയിലെ പനിമഴയിൽ പതിനേഴഴകാണ് എന്നൊക്കെ അനുഭവിച്ചെഴുതിയിട്ടാണ്.

? ***ഏറ്റവും പ്രിയപ്പെട്ട പാട്ട്***

**ഉ.** ഞാനെഴുതിയതിലോ? ഏയ്, എനിക്കെല്ലാ പാട്ടുകളും ഇഷ്ടമാണ്. ഓരോന്നും ഓരോ തരത്തിൽ പ്രിയപ്പെട്ടവയാണ്. മാത്രമല്ല, ഓരോ പാട്ടും ആ സിനിമയുടെ ഒഴിച്ചു നിർത്താനാവാത്ത ഘടകമാണ്. 'അമര'ത്തിലെ വികാരനൗക മുറിച്ചുകളയാൻ പലരും പറഞ്ഞപ്പോൾ ഭരതൻ പറഞ്ഞത് 'അതു മുറിച്ചാൽ ചോര വരും' എന്നാണ്. ആ സിനിമയിലെ രണ്ടു പ്രണയങ്ങളാണ് ആ പാട്ടിലുള്ളത്. 'വാത്സല്യ'ത്തിലെ 'അലയും കാറ്റിൻ ഹൃദയം' എന്ന ഗാനം ആ സിനിമയുടെ ഏറ്റവും വൈകാരികമായ സന്ദർഭത്തെ വരികളാക്കിയതാണ്. 'വൈദേഹി പോകയായ്.... വനവാസക്കാലമായി, രാമരാജധാനി വീണ്ടും ശൂന്യമായ്... വിമൂകയായ് സരയൂനദി' എന്ന വരികളിലുണ്ട് എല്ലാ വേദനകളും. 'കമലദളം' എന്ന സിനിമയുടെ ക്ലൈമാക്സ് ഉൾക്കൊള്ളുന്ന ഗാനമാണ് 'സുമുഹൂർത്തമായ് സ്വസ്തി'. സീതയുടെ കണ്ണിലൂടെ, രാമായണം കാണുകയാണവിടെ. 'ആത്മനിവേദനമറിയാതെ എന്തിനെൻ മുദ്രാംഗുലീയം വലിച്ചെറിഞ്ഞു.... എന്നുമാ സങ്കൽപ്പപാദപത്മങ്ങളിൽ തലചായ്ച്ചുവച്ചേ ഉറങ്ങിയുള്ളൂ....' എന്നു പറഞ്ഞുകൊണ്ട് സീത അന്തർധാനം ചെയ്യുന്ന 'സീതാരാമായണം' എന്ന നൃത്തമാണ് സിനിമയുടെ കാതൽ. 'എന്നു സ്വന്തം ജാനകിക്കുട്ടി' എന്ന സിനിമയിൽ പാട്ടിൽ പാർവ്വണപ്പാൽമഴ പെയ്തൊഴിയുന്നു. പാലപ്പൂമണപ്പുഴയും, ആയിരം നിലയുള്ള ആകാശക്കൊട്ടാരവും സൃഷ്ടിച്ചുതരാൻ ഒരു അതീന്ദ്രിയ ശക്തിയ്ക്ക് – ഗന്ധർവ്വനോ യക്ഷിയ്ക്കോ – അല്ലാതെ ആർക്ക് സാധിക്കും. 'തീർത്ഥാടനം' എന്ന സിനിമയിൽ 'എന്തെന്നറിയാത്തൊരാരാധനയുടെ ആരോഹണസ്വരം' പാടുന്ന നായികയെ ഇന്നു നമുക്ക് കാണാൻ സാധിക്കുമോ? മകരനിലാവിലെ മാമ്പൂമണവും, സുഖമുള്ള നിലാവും, ആകാശപ്പൂമുടിയും മുകിലാരപ്പട്ടും എല്ലാം മലയാളികൾക്ക് പ്രിയപ്പെട്ട ബിംബങ്ങളാണ്. പദ്മരാജന്റെ 'ഇന്നലെ' എന്ന സിനിമയിലെ ഓർമ്മകൾ നഷ്ടപ്പെട്ട നായികയെ, 'കണ്ണിൽ നിൻ മെയ്യിൽ ഓർമ്മപ്പൂവിൽ ഇന്നാരോ പീലിയുഴിഞ്ഞോ....' എന്ന ഗാനത്തിലൂടെ പ്രേക്ഷകർ ഹൃദയത്തിലേറ്റുവാ



ങ്ങുന്നു.

സാന്ത്വനത്തിലെ 'ഉണ്ണി വാവാവോ....', വാത്സല്യത്തിലെ 'താമരക്കണ്ണനുറങ്ങേണം....' എന്നീ പാട്ടുകളൊക്കെ ഇന്നത്തെ കുഞ്ഞുങ്ങളും കേട്ടുറങ്ങുന്നു. അങ്ങനെ നോക്കുമ്പോൾ എല്ലാം പ്രിയഗാനങ്ങൾ തന്നെയാണ്.

***? ഏറ്റവും അടുപ്പം തോന്നിയ സംഗീത സംവിധായകൻ***

**ഉ.** എല്ലാവരുമായും എനിക്ക് സൗഹൃദവും സ്നേഹവുമുണ്ട്. ആദ്യത്തെ സിനിമയിൽ ജെറി അമൽദേവായിരുന്നു സംഗീതസംവിധായകൻ. എല്ലാം ഹിറ്റുപാട്ടുകളായിരുന്നു. ദേവദുന്ദുഭി, തങ്കത്തള താളംതെന്നി, പൂവട്ടകതട്ടിച്ചിന്നി എന്നിങ്ങനെ വ്യത്യസ്തമായ ഈണങ്ങൾ. അതിനു ശേഷം മലയാളത്തിലെ ഒട്ടുമിക്ക സംഗീതസംവിധായകരോടൊപ്പവും പാട്ടുകൾ ചെയ്തിട്ടുണ്ട്. മോഹൻ സിതാര, ഔസേപ്പച്ചൻ, രവീന്ദ്രൻ മാഷ്, എസ്. പി. വെങ്കിടേഷ്, വിദ്യാസാഗർ, ജാസി ഗിഫ്റ്റ് തുടങ്ങി വിനീത് ശ്രീനിവാസനെപ്പോലുള്ള പുതിയ തലമുറ വരെ. എന്നാൽ ഏറ്റവുമധികം ഗാനങ്ങൾ പിറന്നത് ജോൺസൺ മാഷോടൊപ്പമാണ്. 1989 ൽ 'വരവേൽപ്പ്' എന്ന സിനിമയ്ക്കായി ആരംഭിച്ച കൂട്ടുകെട്ടാണ്. 'ദൂരെ ദൂരെ സാഗരം...', 'വെള്ളാരപ്പൂമല മേലെ....' തുടങ്ങിയ പാട്ടുകൾ വരവേൽപ്പിലേതാണ്.

വടക്കുനോക്കിയന്ത്രത്തിലെ 'മായാമയൂരം പീലി നീർത്തിയോ....', കിരീടത്തിലെ 'കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി....', മഴവിൽക്കാവടിയിലെ പാട്ടുകൾ എല്ലാം എക്കാലത്തെയും ഹിറ്റുകളാണ്. ആകാശവാണിയുടെ 75 വർഷത്തെ പ്രക്ഷേപണകാലത്ത് ഏറ്റവും സൂപ്പർഹിറ്റ് ആയ ഗാനത്തിന്റെ പേരിൽ എനിക്കും ജോൺസണും, എം.ജി. ശ്രീകുമാറിനും പുരസ്കാരം ലഭിച്ചിരുന്നു. 'കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി' എന്ന പാട്ടിനായിരുന്നു അത്. ഇന്നും ആ പാട്ടിന് ആവശ്യക്കാർ കൂടുന്നതേയുള്ളൂ.

രവീന്ദ്രൻമാഷ് ഏറ്റവുമൊടുവിൽ തരംഗിണിക്കുവേണ്ടി ചെയ്ത പാട്ടുകൾ എഴുതാനുള്ള ഭാഗ്യം എനിക്കായിരുന്നു.

***? സംഗീത സംവിധാനത്തിലേക്ക് കടന്നത്?***

**ഉ.** 1996 ൽ ജയരാജിന്റെ 'ദേശാടനം' എന്ന സിനിമയിലാണ് ആദ്യമായി സംഗീതം നൽകിയത്. ആ ഗാനങ്ങളുടെ രചനയും എന്റേതായിരുന്നു. അദ്ദേഹത്തിന്റെ 'സോപാനം' എന്ന ചിത്രത്തിന് കഥയും തിരക്കഥയും എഴുതിയിരുന്നു 1993 ൽ. പിന്നീട് കളിയാട്ടം, തട്ടകം, എന്നു സ്വന്തം ജാനകിക്കുട്ടി, അഗ്നിസാക്ഷി തുടങ്ങി നിരവധി സിനിമകളിൽ സംഗീതസംവിധാനം നിർവ്വഹിച്ചു. 1997 ൽ 'കാരുണ്യ'ത്തിലെ ഗാനങ്ങൾക്ക് സംസ്ഥാനപുരസ്കാരം ലഭിച്ചു. 'മറക്കുമോ നീയെന്റെ മൗനഗാനം' എന്ന പാട്ടിനായിരുന്നു.

***? അഭിനയം***

**ഉ.** അങ്ങനെയൊക്കെ സംഭവിച്ചുപോകുന്നതാണ്. കാവാലത്തിന്റെയും നരേന്ദ്രപ്രസാദിന്റെയുമൊക്കെ നാടകങ്ങളിൽ പാട്ടും അഭിനയവുമൊക്കെ പയറ്റിയിട്ടുണ്ട്. പിന്നീട് പത്തുപതിനഞ്ചോളം സിനിമകളിൽ അഭിനയിക്കാൻ കഴിഞ്ഞു. 'ഹിസ് ഹൈനസ് അബ്ദുള്ള'യിലെ 'ദേവസഭാതലം' പോലുള്ള ഗാനരംഗങ്ങൾ പ്രിയപ്പെട്ടവയാണ്. സ്വാതിതിരുനാൾ, ആര്യൻ, ഭരതം, ദേശാടനം, നിവേദ്യം തുടങ്ങിയവയിലെല്ലാം പ്രേക്ഷകർ ഓർത്തുവെക്കുന്ന വേഷങ്ങൾ ലഭിച്ചു.

***? ജാതിപ്പേര് ഉപേക്ഷിക്കുന്നു എന്നു പറഞ്ഞതായി വായിച്ചിട്ടുണ്ട്***

**ഉ.** ജാതി, മതം തുടങ്ങിയവയ്ക്കൊന്നും ഞാൻ ഒരു പ്രാധാന്യവും കൊടുക്കാറില്ല. സ്നേഹിക്കുക എന്നതാണ് എന്റെ വ്രതം. കഴിയുന്നത്ര ആരെയും ദ്രോഹിക്കാതിരിക്കുക. നമ്മൾ മനുഷ്യരാണല്ലോ, ചില അനീതികൾ കണ്ടാൽ പ്രതികരിച്ചെന്നിരിക്കും.

ഇവിടെ എന്നോടൊപ്പം 18 വർഷമായി സഹായത്തിനുള്ളത് ഒരു മുസ്ലിംകുട്ടിയാണ്. എന്റെ വീട്ടിലെ ഒരംഗം പോലെയാണയാൾ. ഇവിടെയും, കലാകേന്ദ്രത്തിലും മൂകാംബികയിൽ നിന്നുള്ള കെടാവിളക്ക് സൂക്ഷിച്ചിട്ടുണ്ട്. മക്ക, ജറുസലേം, മൂകാംബിക മറ്റ് 24 പുണ്യസ്ഥലങ്ങളിലെ മണ്ണ് സൂക്ഷിച്ചിട്ടുണ്ട്.

***? സിനിമാരംഗത്തെ കോക്കസ്സുകൾ***

**ഉ.** എനിക്കങ്ങനെ ഒന്നുമായും ബന്ധമില്ല. പദ്മരാജനോടല്ലാതെ ആരോടും ഞാൻ അവസരങ്ങൾ ചോദിച്ചുവാങ്ങിയിട്ടില്ല. എന്റെ ജോലി ഏറ്റവും നന്നായി ചെയ്യാൻ കഴിയും എന്ന ആത്മവിശ്വാസമാണെന്റെ ബലം. അതിന്റെ പേരിൽ കിട്ടുന്ന പേരും, പ്രശസ്തിയും മറ്റൊന്നി

നുവേണ്ടിയും ഉപയോഗിക്കാറില്ല. എന്റെ ജോലി ചെയ്യും, തിരികെ വീട്ടിലേക്ക് വരും. മറ്റൊന്നും എന്നെ ബാധിക്കാറില്ല. ആരെക്കുറിച്ചും ഗോസിപ്പുകൾ പറയാനായി സമയം കളയാറില്ല. മദ്യപിക്കുകയോ പുകവലിക്കുകയോ മറ്റു ലഹരികൾ ഉപയോഗിക്കുകയോ ചെയ്യാറില്ല.

ഗന്ധർവ്വനിലെ പാട്ടുകൾ ചെയ്യാനായി ഒരിടത്ത് താമസിക്കുമ്പോൾ, അമരത്തിനു വേണ്ടി ഭരതനും, ലോഹിതദാസും തൊട്ടടുത്തുണ്ടായിരുന്നു. വളരെ അടുത്ത സുഹൃത്തുക്കളാണെങ്കിലും ജോലി കഴിഞ്ഞേ മറ്റു കാര്യങ്ങൾ സംസാരിക്കാറുള്ളൂ. ഒന്നിവിടെ, ഒന്നവിടെ എന്ന പരിപാടികളൊന്നുമില്ല.

ജീവിതത്തിനൊരു ചിട്ട വേണമെന്ന് നിർബന്ധമുണ്ട്. ജീവിതം ചിട്ടയായി കൊണ്ടുപോകുന്നവർക്കു മാത്രമേ എല്ലാം ചിട്ടയാക്കാൻ പറ്റൂ. രോഗങ്ങൾ വന്നു പോയിട്ടും എന്റെ കാര്യങ്ങളെല്ലാം ഇപ്പോഴും ഞാൻ തന്നെ ചെയ്യുന്നു. ഇപ്പോൾ നിങ്ങളോട് സംസാരിക്കുന്നു, യാത്രകൾ ചെയ്യുന്നു, പാട്ടുപാടാൻ പഴയതുപോലെ പറ്റുന്നില്ലെങ്കിലും പാടാറുണ്ട്.... എല്ലാം ചെയ്യാറുണ്ട്. മരിക്കും വരെ അങ്ങനെ വേണമെന്നാണ് ആഗ്രഹം.

ജീവിതത്തോട് നന്ദിയുള്ളവരായിരിക്കുക. നല്ല വാക്കുകളും, ചിന്തകളും, സഹജീവികളോടുള്ള സ്നേഹവുമൊക്കെ പ്രസരിപ്പിച്ചാണ് ഒരാൾ ജീവിതത്തോട് നന്ദി കാണിക്കേണ്ടത്. ആളുകളെ ദുഷിയ്ക്കുകയോ, അസൂയപ്പെടുകയോ, കുറ്റം പറയുകയോ ഒക്കെ ചെയ്യുന്നതിലൂടെ നമുക്കു കിട്ടിയ ജീവിതത്തെയാണ് നാം നിന്ദിക്കുന്നത്. എന്റെ പ്രാർത്ഥനകളൊന്നും എനിക്കു വേണ്ടിയുള്ളതല്ല. മൂകാംബികയിൽ ദേവിക്കു മുന്നിൽ പോലും, 'സർവ്വമംഗളമംഗല്യേ, ശിവേ സർവ്വാർത്ഥസാധികേ' എന്ന ശ്ലോകം ചൊല്ലാറില്ല. സർവ്വാർത്ഥങ്ങളും എനിക്കു സാധിച്ചുതരണമെന്ന് ആവശ്യപ്പെടാൻ മാത്രം സ്വാർത്ഥനല്ല ഞാൻ. കുട്ടിക്കാലം മുതൽ ഞാൻ പ്രാർത്ഥിക്കാറുള്ളത്, 'എന്റെ മനസ്സിലെ കല്മഷങ്ങൾ കഴുകിക്കളയണേ, മനസ്സു ശുദ്ധമാവണേ' എന്നു മാത്രമാണ്. ഒന്നിനോടും അമിതമായ ആഗ്രഹമെനിക്കില്ല. ഒന്നും കിട്ടണമെന്ന്



മാതാപിതാക്കൾ




സ്വാതിതിരുനാൾ കലാകേന്ദ്രം

പ്രാർത്ഥിക്കാറില്ല. എനിക്കു കിട്ടിയതെല്ലാം, എത്രയോ ഏറെയാണെന്ന് എനിക്കറിയാം. അതിലെനിക്ക് നന്ദിയുണ്ട്. എന്നെപ്പോലൊരു പാട്ടെഴുത്തുകാരന് കിട്ടേണ്ടതിനേക്കാൾ വലിയ സ്നേഹവും അംഗീകാരവും എനിക്കു ജനങ്ങൾ തന്നിട്ടുണ്ട്. "I know you, you are a great Artist' എന്നാണ് പത്മശ്രീ നൽകുമ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോദി എന്നോടു പറഞ്ഞത്. ഈയിടെ നമ്മുടെ മേയർ ഒരിടത്ത് സംസാരിച്ചത്, 'ഏറ്റവും അർഹതപ്പെട്ട പത്മശ്രീ അവാർഡ് കൈതപ്രത്തിന്റേതാണ്' എന്ന അഭിപ്രായമാണ് തനിക്കുള്ളത് എന്നാണ്.

**?** ***പുതിയ പാട്ടുകൾ***

**ഉ.** ഇന്നത്തെ ജീവിതത്തിന് പുതിയ തരം പാട്ടുകൾ മതി. അത്രയും ഫാസ്റ്റല്ലേ ജീവിതം. പക്ഷേ, മനുഷ്യർക്ക് ആവശ്യം പഴയ പാട്ടുകളാണ്. ഗാനമേളകളിലോ, റിയാലിറ്റിഷോകളിലോ പുതിയ പാട്ടുകൾ ആരെങ്കിലും പാടാറുണ്ടോ? ഗാനമേളകളിൽ മനസ്സിൽ തങ്ങിനിൽക്കുന്ന പഴയ ഗാനങ്ങൾക്കാണ് ഡിമാൻഡ്. റിയാലിറ്റിഷോകളിൽ മത്സരാർത്ഥികളുടെ കഴിവുരച്ചുനോക്കാനും പ്രമദവനം പോലെയുള്ള പാട്ടുകളാണ് ഇപ്പോഴും തെരഞ്ഞെടുക്കുന്നത്. ഇപ്പോഴത്തെ പല പാട്ടുകളും ഓർമയിൽ നിൽക്കാത്തത് വരികൾ വേണ്ടതുപോലെ പ്രോജക്ട് ചെയ്യാൻ സാധിക്കാത്തതുകൊണ്ടാണെന്ന് തോന്നാറുണ്ട്. പുതിയ പാട്ടെഴുത്തുകാരിൽ പലരും നല്ല കഴിവുള്ളവരാണ്. റഫീഖും, ഹരിയുമൊക്കെ (റഫീഖ് അഹമ്മദ്, ബി. കെ. ഹരിനാരായണൻ) നന്നായി എഴുതുന്നു. അവരെ സിനിമ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

**?** ***പഴയ പാട്ടെഴുത്തുകാരിൽ പ്രിയം?***

ഉ. ഭാസ്കരൻ മാഷ്. രണ്ടാമതൊന്ന് ആലോചിക്കാതെ പറയാം. മറ്റുള്ളവർ മോശം എന്നല്ല. ഓരോരുത്തർക്കും ഓരോ ശൈലിക



ളല്ലേ. വയലാർ, യൂസഫലി കേച്ചേരി, ഒ. എൻ. വി. കുറുപ്പ്, ബിച്ചു തിരുമല തുടങ്ങി എല്ലാവരും കഴിവുറ്റവർ തന്നെ.

*?   വയലാറിനു ശേഷം കൈതപ്രമാണ് ഏറ്റവും പ്രിയപ്പെട്ട പാട്ടെഴുത്തുകാരൻ എന്ന് സലിൽ ചൗധരി അഭിപ്രായപ്പെട്ടതായി വായിച്ചിട്ടുണ്ട്. അതെക്കുറിച്ച്?*

**ഉ.** അങ്ങനെ പറഞ്ഞിട്ടുണ്ട്. ഹിന്ദി ഭാഷ മാത്രം അറിയുന്ന സംഗീതസംവിധായകർ ഒരു ട്യൂൺ നമുക്ക് തരുമ്പോൾ, അതിൽ ഭാഷയെ നോവിക്കാതെ മലയാളവരികൾ ചേർക്കുക എന്നത് ശ്രമകരമായ ജോലിയാണ്. വാക്കുകൾ മുറിക്കേണ്ടിടത്ത് മാത്രമേ മുറിക്കാവൂ.... അല്ലാതെ ചെയ്താൽ വലിയ അഭംഗിയാവും. അങ്ങനെ വരാതെ ചെയ്യാൻ ഞാൻ ശ്രമിക്കുന്നതുകൊണ്ടാവാം. (തമ്പുരാൻ എന്ന ചിത്രത്തിലെ 'മണിനൂപുരം' എന്ന സലിൽ ചൗധരി ഈണം പകർന്ന ഗാനം അദ്ദേഹം പാടി.)

*?   യാത്രകൾ*

**ഉ.** യാത്രകൾ ഇഷ്ടമാണ്. വിദേശങ്ങളിലടക്കം ഒരുപാട് സ്ഥലങ്ങളിൽ പോയിട്ടുണ്ട്. അസുഖമായ സമയത്ത് കുറഞ്ഞു. ഇപ്പോൾ വീണ്ടും തുടങ്ങി. പോകാൻ തോന്നുമ്പോൾ, ഡ്രൈവിങ്ങിന് ആരെയെങ്കിലും വിളിക്കും, പോകും. അത്രതന്നെ.

എന്നാലും പണ്ടു മുതലേ എവിടെപ്പോയാലും വീട് തിരികെ വിളിച്ചുകൊണ്ടേയിരിക്കുന്നൊരാളാണ് ഞാൻ. എന്റെ ജോലിക്കു വേണ്ടി മാത്രം വീട്ടിൽ നിന്നു മാറിനിൽക്കുകയും അതു കഴിഞ്ഞാലുടനെ തിരിച്ചെത്തുകയും ചെയ്യുക എന്നതാണെന്റെ ശീലം. എനിക്കീ നാടിന്റെ സൗന്ദര്യം വേണം, മണ്ണിന്റെ മണം വേണം. ഈ കാറ്റും വെയിലും മഴയും മഞ്ഞുമൊക്കെ വേണം. വീടിന്റെ സ്നേഹം വേണം.

*?   പാട്ടുകൾ എഴുതുമ്പോഴും, സംഗീതം നൽകുമ്പോഴുമൊക്കെ അത് ആരാണ് പാടേണ്ടതെന്ന് നിബന്ധന വെക്കാറുണ്ടോ?*


**ഉ.** ഇല്ല. ഏത് സംഗീതസംവിധായകനും തന്റെ ഈണം ദാസേട്ടന്റെ ശബ്ദത്തിലൂടെ കേൾക്കാൻ കൊതിയുണ്ടാവും. എന്നാൽ അങ്ങനെ ആവശ്യപ്പെടാറില്ല. മറ്റു ഗായകരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തരുത് എന്ന തോന്നൽ കൂടി അതിലുണ്ട്. എം. ജി. ശ്രീകുമാറും വേണുഗോപാലുമൊക്കെ എത്രയോ നല്ല പാട്ടുകൾ പാടിയിട്ടുണ്ട്.

*?   കൈതപ്രം വിശ്വനാഥനെക്കുറിച്ച്*

**ഉ.** എന്റെ സഹോദരനാണ്. മകനെപ്പോലെ എനിക്ക് പ്രിയപ്പെട്ടവൻ. നേരത്തെ പോയി. ഞങ്ങളൊരുമിച്ചുള്ള എല്ലാ പാട്ടുകളും സൂപ്പർ ഹിറ്റുകളായിരുന്നു. അത്ര ഇഴയടുപ്പമുള്ളവരായിരുന്നു ഞങ്ങൾ. കണ്ണകി, തിളക്കം, ഉള്ളം, ഏകാന്തം, ദൈവനാമത്തിൽ, മധ്യവേനൽ, ഓർമ മാത്രം, നീലാംബരി, കൗസ്തുഭം തുടങ്ങിയ ചിത്രങ്ങളിൽ സംഗീതസംവിധാനം നിർവ്വഹിച്ച വിശ്വനാഥന് സംസ്ഥാന സർക്കാരിന്റേത് ഉൾപ്പെടെ നിരവധി അവാർഡുകളും അംഗീകാരങ്ങളുമൊക്കെ ലഭിച്ചിട്ടുണ്ട്.

*?   മ്യൂസിക് തെറാപ്പിയെക്കുറിച്ച്*

**ഉ.** സംഗീതം ആസ്വാദനത്തിനുവേണ്ടി മാത്രമുള്ളതല്ല, ആശ്വാസത്തിനു വേണ്ടിക്കൂടി ഉള്ളതാണ്. രാഗങ്ങളും, സ്ഥായികളും, ട്യൂണുകളുമൊക്കെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്താൽ മാനസികാസ്വാസ്ഥ്യമുള്ളവർക്കും പല രോഗപീഢകളാൽ വലയുന്നവർക്കും ആശ്വാസം പകരാൻ കഴിയുമെന്ന് പരീക്ഷിച്ചു വിജയിച്ച വ്യക്തിയാണ് ഞാൻ. മെഡിക്കൽ കോളേജുകൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയ



*ഭാര്യയോടൊപ്പം*

ഇടങ്ങളിൽ ഈ രീതിയിലുള്ള തെറാപ്പി നടത്തുന്നുണ്ട്. രോഗികളുടെ പ്രതികരണങ്ങൾ ഹൃദയസ്പർശിയാണ്. മോഹനം, കല്യാണി, ശ്രീരാഗം തുടങ്ങിയ രാഗങ്ങളാണ് കൂടുതലും തെരഞ്ഞെടുക്കാറുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന രോഗികളുടെ ശാരീരിക-മാനസികാവസ്ഥകൾ കണക്കിലെടുത്താണ് ഗാനങ്ങൾ തെരഞ്ഞെടുക്കാറുള്ളത്. സംഗീതത്തെ ഉപാസിച്ചുകൊണ്ടാണ് എന്റെ രോഗാവസ്ഥയും ഞാൻ മറികടന്നത്. ഇപ്പോൾ ഞാൻ നിങ്ങളോട് സംസാരിക്കുന്നത് സംഗീതത്തിന്റെ ശക്തി ഒന്നുകൊണ്ടുമാത്രമാണ്. മ്യൂസിക് തെറാപ്പി ചെയ്യാൻ തുടങ്ങിയ ശേഷം ലഭിച്ച മാനസികസംതൃപ്തിയും എടുത്തു പറയേണ്ടതാണ്.

? ***പ്രതിഫലം വാങ്ങാതെയാണോ ഇതൊക്കെ ചെയ്യുന്നത്?***

ഉ. തീർച്ചയായും. ഒരു പൈസ പോലും വാങ്ങാറില്ല. എനിക്ക് വരദാനമായി ലഭിച്ച സംഗീതം സമൂഹത്തിന് എങ്ങനെ ഉപകരിക്കും എന്ന ചോദ്യം സ്വയം ചോദിച്ചതിനുത്തരമാണീ പ്രവർത്തനങ്ങൾ. വീട്ടുകാർ അതിന് പിന്തുണ തരുന്നുണ്ട്. മക്കൾ ദീപാങ്കുരനും ദേവദർശനും. മക്കൾക്ക് വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ഇപ്പോൾ രണ്ടുപേരും അവരവരുടെ തട്ടകങ്ങളിൽ സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞു. ഭാര്യ ദേവി അന്തർജ്ജനം, മലയാള സിനിമയ്ക്ക് പ്രിയങ്കരനായ നടൻ അന്തരിച്ച ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മകളാണ്.

? ***ഇപ്പോൾ ചെയ്യുന്ന സിനിമ?***

**ഉ.** ജയരാജിന്റെ പുതിയ സിനിമയ്ക്കു വേണ്ടി പാട്ടെഴുതുകയാണ്. സ്വാതിതിരുനാൾ കലാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിലും വ്യാപൃതനാണ്. എനിക്കു കിട്ടിയതിൽ ഒരു വലിയ പങ്ക് ഈ സ്ഥാപനത്തിനുവേണ്ടി ചിലവഴിക്കുന്നുണ്ട്. നവരാത്രിക്കാലത്ത് പത്തു ദിവസത്തെ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. എല്ലാ ശനിയാഴ്ചയും മ്യൂസിക് തെറാപ്പിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുണ്ട്. ഇനി മാസംതോറും പരിപാടികൾ ചെയ്യാൻ പദ്ധതിയുണ്ട്. മലയാള സിനിമയിലെ പല പ്രമുഖരും, ഗായകരും ഇവിടെ വന്നിട്ടുണ്ട്. അന്തരിച്ച നടി ശ്രീവിദ്യയെ ഇവിടെ കൊണ്ടുവന്ന് പാടിച്ചിട്ടുണ്ട്. എം. എൽ. വസന്തകുമാരി എന്ന സംഗീതവിദുഷിയുടെ മകളാണവർ. നന്നായി പാടും. പല ഗായകരും ഇവിടെ വന്ന് കലാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കണ്ട് അദ്ഭുതപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനവും ഞാൻ സമൂഹത്തിനു വേണ്ടി എന്തു ചെയ്തു എന്ന ചിന്തയ്ക്കുള്ള ഉത്തരമാണ്.

●



## പൂർണ – ആർ. രാമചന്ദ്രൻ കവിതാപുരസ്കാരം എം. എസ്. ബനേഷിന്



**പൂ**ർണ പബ്ലിക്കേഷൻസും ആർ. രാമചന്ദ്രൻ അനുസ്മരണ സമിതിയും ചേർന്ന് സംഘടിപ്പിക്കുന്ന കവിതാപുരസ്കാരത്തിന് എം. എസ്. ബനേഷ് രചിച്ച 'പേരക്കാവടി' അർഹമായി. പതിനായിരം രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് കോഴിക്കോട് നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പ്രസിദ്ധീകരിച്ച ഇരുനൂറിലേറെ കവിതാസമാഹാരങ്ങളിൽ നിന്ന് ആലങ്കോട് ലീലാകൃഷ്ണൻ, മണമ്പൂർ രാജൻബാബു, ഡോ. കെ. വി. സജയ് എന്നിവരടങ്ങിയ സമിതിയാണ് അവാർഡിനർഹമായ കൃതി തെരഞ്ഞെടുത്തത്.

പച്ചിലയുടെ ജീവചരിത്രം (ഒ. പി. സുരേഷ്), ഉച്ചിര (മാധവൻ പുറച്ചേരി), ലോലചിത്തരാം ചിത്രശലഭങ്ങളെപ്പോലെ (ഹൃഷികേശൻ പി. ബി.), അഷ്ടാവക്രന്റെ വീണ്ടുവിചാരങ്ങൾ (ദേശമംഗലം രാമകൃഷ്ണൻ), സ്വപ്നത്തീവണ്ടി (പദ്മദാസ്), വസന്തം പൂക്കളാൽ വെളിപ്പെടുംപോലെ (സന്ധ്യ. ഇ.), എന്റെയും നിങ്ങളുടെയും മഴകൾ (എൻ. എസ്. സുമേഷ് കൃഷ്ണൻ), കോങ്കണ്ണി (ക്ഷേമ കെ. തോമസ്), രണ്ടിലകൾ ജീവിക്കാൻ തുടങ്ങുമ്പോൾ (അമൃത കേളകം) തുടങ്ങിയവയാണ് അവസാനപത്തിലെത്തിയ കവിതകൾ.

കഥ

# ഗൾഫിലെ യുദ്ധം

## മാധവിക്കുട്ടി

ഗൾഫിലെ അനിശ്ചിതാവസ്ഥ കാരണം ഞാൻ ഒന്നര മാസത്തെ ലീവിൽ നാട്ടിൽ വന്നതായിരുന്നു. യുദ്ധവാർത്തകൾ പത്രങ്ങളിൽ വന്നു തുടങ്ങിയ ദിവസം മുതൽ നിത്യേന അവൾ എനിക്ക് ഭയം പ്രകടിപ്പിക്കുന്ന കത്തുകൾ എഴുതിക്കൊണ്ടേയിരുന്നു. ''നിങ്ങൾക്ക് വല്ലതും സംഭവിച്ചാൽ ഞാൻ മാത്രമല്ല അനാഥയാവുക; നമ്മുടെ രണ്ടു വയസ്സ് പ്രായംചെന്ന മകളും അനാഥയാവും'' അവൾ എഴുതി. ഭർത്താവിന്റെ കടമകളെപ്പറ്റി മാത്രമല്ല ഒരച്ഛന്റെ കടമകളെപ്പറ്റിയും അവൾ പല തവണ എന്നെ ഓർമ്മി പ്പിക്കാൻ ശ്രമിച്ചു.

അവളുടെ കത്തുകൾ എന്റെ സ്നേഹിതൻമാർ കാണരുതെന്ന് ആഗ്രഹിച്ച് ഞാൻ എന്റെ കിടക്കയ്ക്കടിയിൽ ഒളിപ്പിച്ചുവെച്ചു. കല്യാണഫോട്ടോകൾ കാണുവാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഞാൻ അവ നാട്ടിൽ നിന്ന് വരുത്തിയതുമില്ല. ''സുന്ദരിയാണോ'' എന്ന് അവർ ഓരോരുത്തരും എന്നോട് ചോദിച്ചിരുന്നു. ഒരു നാടൻ സുന്ദരി തന്നെ എന്ന് ഞാനും മറുപടി പറഞ്ഞു.

അവളുടെ ശരീരത്തിന് യാതൊരു പ്രത്യേക ഭംഗിയുമുണ്ടായിരുന്നില്ല. ഇരുപത്താറ് വയസ്സിലും ആ ശരീരം ഒരു വൃദ്ധയുടേതെന്നപോലെ മാംസളവും സ്ഥൂലവുമായി കാണപ്പെട്ടു. അവൾ ഭക്ഷണം കഴിക്കുന്നത് എന്റെ കണ്ണിൽപ്പെട്ടതു അവധി കഴിഞ്ഞ് മടങ്ങുന്നതിന്റെ തലേദിവസം മാത്രമാണ്. വലിയ ഉരുളകളാക്കി ചോറ് ഉരുട്ടിക്കൊണ്ട് അവൾ അവയെ തന്റെ തുറന്ന വായിലേക്ക് തള്ളുന്നത് കണ്ടപ്പോൾ എനിക്ക് ഛർദ്ദിക്കുവാൻ തോന്നി. അവളുടെ തുറന്ന വായിലേക്കു തന്നെ നോക്കിക്കൊണ്ട് ഇരുന്നപ്പോൾ അത് ഒരു മനുഷ്യവക്ത്രമല്ലെന്നും കരിങ്കല്ല് കൊണ്ട് നിർമ്മിച്ച ഒരാട്ടുകല്ലാണെന്നും എനിക്ക് ഒരു നിമിഷത്തിന് തോന്നി. ആട്ടുകല്ലിൽ അരിയും ഉഴുന്നും ചതഞ്ഞരയുന്നതുപോലെ ആ വായിൽ ചോറും മെഴുക്കുപുരട്ടിയും പരിപ്പും മറ്റും ചതഞ്ഞരയുന്നതും ഞാൻ നോക്കിക്കണ്ടു. ഉരുളയുരുട്ടി പ്രാകൃതമായി ഭക്ഷിക്കുന്നത് എനിക്കിഷ്ടമില്ലെന്ന് അവളോട് പറയുവാനും മനസ്സ് വന്നില്ല. അനുകമ്പയായിരുന്നുവല്ലോ എന്നുമെന്നും എന്റെ ദൗർബല്യം. വൈദ്യരുടെ മകളെ വിവാഹം ചെയ്യുന്നതിനുപകരം ഗൾഫിൽത്തന്നെ താമസമാക്കിയ അനേകം മലയാളി കുടുംബങ്ങളിൽ നിന്ന് വിശേഷദിവസങ്ങളിൽ ലിപ്സ്റ്റിക് തേച്ച് ചുണ്ടുകൾ ചുവപ്പിക്കുവാൻ അറിയുന്ന ഒരു പെൺകുട്ടിയെ തിരഞ്ഞെടുക്കാമായിരുന്നു. അഞ്ച് നല്ല വിവാഹാലോചനകൾ വന്നിരുന്നു. ഓണാഘോഷങ്ങൾക്കിടയിൽ ഞാൻ അഞ്ച് പെൺകുട്ടികളെയും കാണുകയും ചെയ്തു. ഒരാൾ ചുവന്ന പട്ടുസാരി ഗുജറാത്തിരീതിയിൽ ഉടുത്തു സ്റ്റേജിൽക്കയറി ഗർഭാനൃത്തം ചെയ്തിരുന്നു. മറ്റൊരുത്തി പ്രസംഗമത്സരത്തിൽ ഒന്നാംസമ്മാനം നേടുന്നത് സസന്തോഷം ഞാനും നോക്കിക്കണ്ടു. അവളുടെ ഇംഗ്ലീഷിന്ന് ഉച്ചാരണശുദ്ധിയുണ്ടായിരുന്നു. വാസ്തവത്തിലും ഒദ്യോഗികവൃത്തങ്ങളിൽ അവളെപ്പോലൊരു ഭാര്യയെ എല്ലാവരും ഒരു നേട്ടമായി കണക്കാക്കുമായിരുന്നു. മറ്റൊരു പെൺകുട്ടി മുമ്പിലെ വരിയിൽ മുഖ്യാതിഥിയ്ക്കൊപ്പം ഇരിക്കുന്നവളായിരുന്നു. ധനികന്റെ ഏകപുത്രി. അവളുടെ വലത്തെ കാലിന്റെ വൈകല്യം മാത്രമായിരിക്കാം എന്നെ ഒരു ജാമാതാവാക്കുവാൻ ശ്രമം നടത്തുന്നതിന് ധനികനായ ആ പിതാവിനെ പ്രേരിപ്പിച്ചത്.

''അത് നടന്നാൽ തന്റെ പ്രശ്നങ്ങൾ അവസാനിക്കും.'' സ്നേഹിതന്മാർ എന്നോട് പറഞ്ഞു. ഒരാൾ മാത്രം പൊട്ടിച്ചിരിച്ചു.

''ചട്ടുകാലിയെ മാത്രമേ നിനക്ക് കിട്ടുകയുള്ളൂ?'' അയാൾ എന്നോട് അവജ്ഞയോടുകൂടി ചോദിച്ചു.

നാട്ടിൽച്ചെന്നപ്പോൾ അമ്മ പറഞ്ഞു.

''അച്ഛനെ മരിയ്ക്കുവോളം നോക്കിയ വൈദ്യനാ... വൈദ്യന് അങ്ങനെ ഒരാഗ്രഹണ്ടെങ്കില് നീ അത് സാധിപ്പിച്ച് കൊടുക്കണം, അപ്പുണ്ണീ.''

വൈദ്യരുടെ മകളെ ബാല്യകാലത്ത് കണ്ടതായി മാത്രം ഞാൻ ഓർമ്മിച്ചു. വെളുത്ത് പരന്ന മുഖത്തോടു കൂടിയ ഒരു തടിച്ചിപ്പെൺകുട്ടി.

''കുട്ടി നല്ല കുട്ടിയാ'' അമ്മ പറഞ്ഞു.

ഒരിക്കലെങ്കിലും എന്റെ കൂടെ ഗൾഫിലേക്ക് വരണമെന്ന് അവൾ പറഞ്ഞതുമില്ല. അച്ഛനെ പിരിഞ്ഞ് രണ്ട് ദിവസംകൂടി ജീവിക്കുവാൻ വയ്യെന്ന് അവൾ പറഞ്ഞു.

''അച്ഛന്റെ ചിട്ടയും മറ്റും വേറെ ഒരാൾക്കും നിശ്ചല്യ.'' അവൾ മന്ദഹസിച്ചുകൊണ്ട് പറഞ്ഞു.

വൈദ്യർ സന്തുഷ്ടനായി. സന്തുഷ്ടി പ്രദർശിപ്പിക്കുന്ന സന്ദർഭങ്ങളിലും ആ വൃദ്ധന്ന് വലിവ് വർദ്ധിച്ചതേയുള്ളൂ. അദ്ദേഹത്തിന്റെ മുഖത്തുനിന്ന് തേനീച്ചകൾ കൂട് കൂട്ടുമ്പോൾ ഉയരുന്ന ഒരു മർമ്മരം പലപ്പോഴും ആവിർഭവിച്ചു.

ഹൈദരാബാദില് ചെന്നാൽ ഒരു വിദ്വാൻ ഒരു മത്സ്യം വിഴുങ്ങാൻ പറയും... അത് വിഴുങ്ങിയാൽപ്പിന്നെ ആസ്മ ഉണ്ടാവില്ല്യാത്രേ'' വൈദ്യർ പറഞ്ഞു.

''മത്സ്യത്തിന്റെ അകത്ത് വല്ല ഗുളികയും കയറ്റിയിട്ടുണ്ടാവും'' ഞാൻ പറഞ്ഞു.

''ആ..... അതു ഞാൻ ആലോചിച്ചില്യാട്ടോ.'' വൈദ്യൻ പറഞ്ഞു.

അച്ഛനെ ഹൈദരാബാദിൽ കൊണ്ടുപോയി ആരോഗ്യവാനാക്കി മാറ്റണമെന്ന് അവൾ എന്നോട് പല തവണയും ആവശ്യപ്പെട്ടു. ഇനിയത്തെ ലീവിലാവാം ഹൈദരാബാദിലേക്കുള്ള തീർത്ഥയാത്ര എന്ന് പറഞ്ഞ് സമാധാനിപ്പിച്ചു.




ലീവിൽ വന്നാൽ എന്റെ സ്നേഹിതന്മാർ പ്രകീർത്തിക്കാറുള്ള സുഖങ്ങളൊന്നും എനിക്ക് അനുഭവപ്പെടാറില്ല. പെണ്ണിനെ കിട്ടിയെന്ന് വെച്ച് ഞാൻ ഉന്മത്തനാവാറില്ല. അവളുടെ മുടിയിൽനിന്നും കക്ഷത്തുനിന്നും മുലകൾക്കിടയിൽനിന്നും ഉതിരുന്ന ഗന്ധങ്ങൾ എനിക്ക് പ്രിയംകരങ്ങളായിരുന്നില്ല. ഉള്ളി ചേർത്ത സമ്മന്തി ഭക്ഷിച്ച് വായ് ശുദ്ധമാക്കാതെ അവൾ തന്റെ മുഖം എന്റെ മുഖത്തോട് ചേർത്ത് സംസാരിക്കുമ്പോൾ എനിക്ക് അവളെ തള്ളിനീക്കുവാൻ ആശ തോന്നാറുണ്ട്. ആകർഷിക്കുവാൻ താത്പര്യം കാണിക്കുന്നില്ലയെന്ന ഒരൊറ്റ കാരണം മതിയൊ ഒരു ഭാര്യയെ ഉപേക്ഷിക്കുവാൻ? അവൾ മനസാ വാചാ കർമ്മണാ ഒരു പതിവ്രതയായിത്തന്നെ നിലനില്ക്കുന്നു. അവളുടെ ശരീരത്തിന്റെയും സംസ്ക്കാര ത്തിന്റെയും പരിമിതികൾ ഒരു പക്ഷേ പാതിവ്രത്യം അവളിൽ അടിച്ചേൽപ്പിച്ചതാവാം.

അവൾ വിവാഹത്തിനുമുമ്പ് മറ്റു പുരുഷന്മാരുമായി പ്രേമബന്ധത്തിൽപ്പെട്ടിരുന്നുവോ എന്ന് ഒരിക്കൽ ഞാൻ ചോദിച്ചു. ആ ചോദ്യം കേട്ട് പൊട്ടിച്ചിരിക്കുന്നതിനു പകരം അവൾ കുറെനേരം കരയുകയും മൂക്കിലൂടെ ഒരു പന്നിയുടെ മുരളലും സീൽക്കാരവും പുറപ്പെടുവിക്കുകയും ചെയ്തു. താൻ സ്വപ്ന ത്തിൽക്കൂടി മറ്റൊരാളെ തൊട്ടിട്ടില്ലെന്ന് അവൾ ആണയിട്ട് പറഞ്ഞു.

''എന്നെ വിശ്വസിക്കില്ലേ?'' അവൾ കലങ്ങിയ കണ്ണുകളോടെ എന്നെ നോക്കിക്കൊണ്ട് ചോദിച്ചു. ആ നോട്ടത്തിലെ നാടകീയതയും എനിക്ക് മനംപുരട്ടൽ ഉണ്ടാക്കിത്തീർത്തു.

ലീവിൽ ചെന്നാൽ ആകെകൂടി കിട്ടുന്ന വിഭവം അവളുടെ ശരീരമായിരുന്നു. അത് ഒരു അടിമയുടെ കീഴടങ്ങലോടെ എന്നെ എന്നുമെന്നും സ്വീകരിച്ചു. ഒരിക്കലെങ്കിലും അവൾ എന്നെ ശയ്യയിൽനിന്ന് പിടിച്ചുമാറ്റുമെന്നും തനിക്ക് തലവേദനയുണ്ടെന്ന് പറയുമെന്നും ഞാൻ ആശിച്ചു.

എല്ലാ വർഷവും ഞാൻ ജൂൺമാസത്തിലാണ് അവധിയെടുത്ത് നാട്ടിൽ വന്നത്. യുദ്ധാരംഭത്തിൽ നാട്ടിലേക്ക് ഭാര്യമാരെയും മക്കളെയും മാത്രം അയച്ച സ്നേഹിതന്മാർ ഞാൻ ഒന്നരമാസത്തെ ലീവിൽ പോവുന്നുവെന്ന് കേട്ട് കയ്പയുള്ള ചിരികൾ സമ്മാനിച്ചു. ഈ സന്ദർഭത്തിൽ നാട്ടിലേക്ക് പോവൽ സ്വന്തം ഉത്തരവാദിത്വങ്ങളെ ത്യജിക്കുന്നതുപോലെയാവുമെന്ന് അവരിൽ ചിലർ അഭിപ്രായപ്പെട്ടു. മകളുടെ ദീനമാണ് ഒടുവിൽ എന്റെ തീരുമാനത്തിന് ന്യായീകരണമായി ഞാൻ കണ്ടെത്തിയത്. കരപ്പൻ ബാധിച്ച് കയ്യും കാലും പഴുത്തൊലിച്ച് കഷ്ടപ്പെടുന്ന ആ കുഞ്ഞിൽ ഞാൻ എന്റെ അന്തസ്സില്ലാത്ത ഭയങ്ങൾ ഒളിപ്പിച്ചുവെച്ചു. കുഞ്ഞിന് നാട്ടു ചികിത്സ ഫലിക്കുന്നില്ലെന്ന് അവൾ എഴുതിയിരുന്നു. അലോപ്പതിക്കാരെ കാണിച്ച് മരുന്ന് കൊടുക്കുവാൻ അത്രകണ്ട് വൈകിച്ചതിന് ഞാൻ എന്റെ കത്തുകളിൽ അവളെയും അവളുടെ അച്ഛനായ വൈദ്യരെയും ശകാരിക്കുകയും ചെയ്തു.

പക്ഷേ നാട്ടിലെത്തിയതിന് ശേഷം ആ കുഞ്ഞിനെ കൈകൊണ്ട് തൊടുവാൻ കൂടി ഞാൻ മിനക്കെട്ടില്ല. അവളുടെ നഗ്നശരീരം ചുവപ്പും മഞ്ഞയും കറുപ്പും രത്നങ്ങൾ പതിച്ച ഒരു കനകബിംബം പോലെ കാണപ്പെട്ടു.

''ഇതിനെ ഒന്ന് കുളിപ്പിച്ച് വൃത്തിയാക്കിക്കൂടേ?'' ഞാൻ നിരസത്തോടെ ചോദിച്ചു.

''കുരു പൊട്ടിക്കിട്ടാൻ തേച്ച മരുന്നാണ്.'' ഭാര്യ പറഞ്ഞു.

''എപ്പോഴും ഈ മരുന്ന് തേയ്ക്കണോ!'' ഞാൻ ചോദിച്ചു.

''അച്ഛാ.... അച്ഛാ'' കുഞ്ഞ് കൈകൾ മുന്നോട്ട് നീട്ടിക്കൊണ്ട് വിളിച്ചു. ഞാൻ അവളെ പൊക്കിയെടുക്കുമെന്നും ലാളിക്കുമെന്നും അവളും അവളുടെ അമ്മയും പ്രതീക്ഷിച്ചിരിക്കാം. ഞാൻ നിന്നയിടത്തു നിന്ന് ഇളകിയില്ല. ചെരിപ്പിന്നടിയിൽ പെട്ട് ചതഞ്ഞ കൂറകളുടെ ഗന്ധമായിരുന്നു എന്റെ മകൾക്ക്. ആ ഗന്ധം അവളുടെ അമ്മയുടെ ശരീരത്തിൽ നിന്നും ആവിർഭവിക്കുന്നുണ്ടായിരുന്നു.

''നിനക്കെങ്കിലും രണ്ട് നേരം കുളിച്ച് വൃത്തിയായിക്കൂടേ?'' ഞാൻ എന്റെ ഭാര്യയോട് ചോദിച്ചു.

''കുളിക്കാറുണ്ടല്ലോ. രാവിലെ മുങ്ങിക്കുളിക്കും. വൈകുന്നേരം മേൽക്കഴുകും. ഇവളെ ഞാൻ ഒക്കത്ത് വെക്കുമ്പോൾ എന്റെ ജാക്കറ്റ് വൃത്തികേടാവുകയാണ്.'' അവൾ കുട്ടിയെ ചൂ

ണ്ടിക്കൊണ്ട് പറഞ്ഞ്, ചിരിച്ചു. അവളുടെ ഒരു പല്ലിന്റെ അർദ്ധഭാഗം മുറിഞ്ഞുപോയിരിക്കുന്നുവെന്ന് ആ നിമിഷത്തിൽ മാത്രമാണ് ഞാൻ കണ്ടുപിടിച്ചത്.

''നിന്റെ പല്ല് മുറിഞ്ഞുപോയൊ?'' ഞാൻ ചോദിച്ചു. അവൾ തലതാഴ്ത്തി.

''നീ എഴുതിയില്ലല്ലോ നിന്റെ പല്ല് മുറിഞ്ഞെന്ന്!''

''നേരം വെളിച്ചാവുമ്പൊ ധൃതിപിടിച്ച് ഉമ്മറപ്പടി എറങ്ങിയതാ.... മുപ്പട്ട് ചൊവ്വാഴ്ച്ച തൊഴാൻ പോവാൻ പുറപ്പെട്ടതാ. ഒറ്റ വീഴ്ച. ഭാഗ്യത്തിന് ഒന്നും പറ്റീല്യ പല്ലിന്റെ ഒരു ശെഖരം പൊട്ടിപ്പോയി. അത്രന്നെ.''

അവൾ എന്തിനാണ് ആ പല്ലിന്ന് വന്നുചേർന്ന വൈരൂപ്യത്തെപ്പറ്റി ലാഘവത്തോടെ സംസാരിച്ചത്! അവളുടെ വൈരൂപ്യം ദിവസം ചെല്ലുന്തോറും വർദ്ധിച്ചു വന്നാലും ഞാൻ അവളെ വിട്ട് മറ്റൊരുത്തിയുടെ കൂടെ പോവുകയില്ല എന്ന് അവൾ വിശ്വസിക്കുന്നുണ്ടായിരിക്കാം. അവൾ എന്തു മഠയിയാണ്. അവളുടെ ശയ്യയിൽ അവളുടെ ശവംനാറിഗന്ധം അനുഭവിച്ചു കിടക്കുമ്പോഴും ഞാൻ മറ്റു പെണ്ണുങ്ങളുടെ കൂടെയാണെന്ന് അവൾക്ക് മനസ്സിലാവില്ലെന്നോ? ഉന്മത്തനിമിഷങ്ങളിൽ ഞാൻ കണ്ണുകൾ മുറുക്കി അടക്കുന്നത് അവൾ കാണുന്നില്ലേ? അവളുടെ പരന്ന മുഖവും പരന്ന നാസികയും കാണാതെ മാത്രമേ എനിക്ക് അവളെ ഭാര്യയാക്കുവാൻ കഴിയുകയുള്ളൂ. ഇരുട്ടിൽ മാത്രമേ അവളെ എനിക്ക് ആലിംഗനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

''യുദ്ധം തുടങ്ങീന്ന് കേട്ടപ്പൊ ഞാൻ വല്ലാണ്ടെ പേടിച്ചു.'' അവൾ പറഞ്ഞു.

''വിധവയായാൽപ്പിന്നെ നിനക്ക് സ്വർണവള ഇടാൻ വയ്യ. നെറ്റില് സിന്ദൂരപ്പൊട്ട് തൊടാൻ വയ്യ.... അതുകൊണ്ടല്ലേ നീ പേടിച്ചത്?'' ഞാൻ ചോദിച്ചു.

''ഇങ്ങനെ സംസാരിച്ചാ ഞാനെന്താ പറയ്?'' അവളുടെ ചോദ്യത്തിൽ പ്രകടമായ നിസ്സഹായത എന്നെ കോപിഷ്ടനാക്കി.

''യുദ്ധം എന്നു പറഞ്ഞാൽ എന്താണെന്ന് നിന്നെപ്പോലെയുള്ള സ്വാർത്ഥികൾക്ക് മനസ്സിലാവില്ല.'' ഞാൻ പറഞ്ഞു.

''എനിക്ക് എന്ത് സ്വാർത്ഥമാണ് ഉള്ളത്?'' അവൾ ചോദിച്ചു. അവളുടെ കൈകളിൽ കിടന്നു തിളങ്ങിയിരുന്ന സ്വർണക്കോണുവളകൾ ഞാൻ അമർത്തി ഞെരുക്കി. അവൾ പകച്ച കണ്ണുകളോടെ എന്നെ നോക്കിക്കൊണ്ടിരുന്നു.

''നിന്റെ വളകൾ. നിന്റെ കുട്ടി. നിന്റെ ഭർത്താവ്.... ഇതൊക്കെയല്ലേ നിന്റെ ലോകം? യുദ്ധത്തിൽ നിരപരാധികളായ എത്ര യുവാക്കൾ മരിച്ചുവീഴുമെന്ന് നിനക്കറിയുമോ?'' ഞാൻ ചോദിച്ചു.

കുഞ്ഞ് അവളുടെ കാൽമുട്ടുകൾ ആശ്ലേഷിച്ച് കരഞ്ഞു തുടങ്ങി. ''അമ്മേ എക്കു അമ്മേ എക്കു'' അവൾ തന്റെ അമ്മയോട് യാചിച്ചു.

എന്റെ ഭാര്യ കുഞ്ഞിനെ ശ്രദ്ധിച്ചില്ല.

''ഞാൻ എന്തുചെയ്യണമെന്നാ പറഞ്ഞുകൊണ്ട് വരണത്? യുദ്ധം തുടങ്ങീച്ചിട്ട് ഞാൻ ഇവിടെക്കെടന്ന് നെലോളിയ്ക്കണോ?'' അവൾ ഉച്ചത്തിൽ ചോദിച്ചു.

''എനിക്ക് നിന്നെ കണ്ടുകൊണ്ട് ജീവിയ്ക്കുന്നതിലും ഇഷ്ടം മരിക്കാനാണ്. മടങ്ങിപ്പോയി യുദ്ധത്തിൽ ഒരു ബോംബ് തലയിൽ വീണ് മരിച്ചാലും ഞാൻ ഖേദിക്കുകയില്ല.'' ഞാൻ പിറുപിറുത്തു. സത്യത്തെ സധൈര്യം മോചിപ്പിച്ചപ്പോൾ ഞാൻ കൃതാർത്ഥനായി. എന്റെ മുഖം പെട്ടെന്ന് വിയർത്തു.

''എന്നെയും കുഞ്ഞിനെയും നിങ്ങൾക്ക് കണ്ടുകൂടേ?'' അവൾ ധൃതിയിൽ കുഞ്ഞിനെ വാരിയെടുത്തുകൊണ്ട് ചോദിച്ചു.

''എന്നെ ഒരിക്കലും സ്നേഹിച്ചിട്ടില്ല്യ അല്ലേ?'' അവൾ രണ്ടോ മൂന്നോ തവണ ആ ചോദ്യം ആവർത്തിക്കുന്നത് ഞാൻ കേട്ടു.

''നിനക്ക് യുദ്ധമെന്താണെന്ന് അറിയില്ല. അതുകൊണ്ടാണ് നീ വീണ്ടും വീണ്ടും സ്നേഹത്തെപ്പറ്റി ചോദിക്കുന്നത്.'' ഞാൻ പറഞ്ഞു.

''ഞാനൊരു വെറും പെണ്ണല്ലേ? എനിക്ക് യുദ്ധത്തെപ്പറ്റി ഒന്നുമറിയില്യ. ഞാൻ പെണ്ണല്ലേ?'' അവൾ ഗദ്ഗദത്തോടെ എന്നോട് ചോദിച്ചു.

ചോരയും ചലവും ഗന്ധകവും മണക്കുന്ന ഭാര്യയെയും മകളെയും നിസ്സങ്കോചം ആശ്ലേഷിച്ചുകൊണ്ട് ഞാൻ തലകുലുക്കി.

''നീ പറഞ്ഞത് ശരിയാണ്. പെണ്ണുങ്ങൾക്ക് എന്തു യുദ്ധം?'' ഞാൻ താഴ്ന്ന സ്വരത്തിൽ ചോദിച്ചു.

●

## പൂർണയിലേയ്ക്ക് രചനകൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

'പൂർണ'യിലേയ്ക്ക് പ്രസിദ്ധീകരണാർത്ഥം രചനകൾ അയയ്ക്കുന്നവർ അവയുടെ കോപ്പി സൂക്ഷിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത രചനകൾ ഒരു കാരണവശാലും തിരിച്ചുതരുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: പബ്ലിക്കേഷൻ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്സ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് – 1. ഫോൺ: 7560822223.

കവിത



സ്മിഷ. സി

# ദേശാന്തരം



**ഓ**ട്ടുപാത്രങ്ങൾ പോലെ
മനസ്സിന്റെ പുറംചട്ടയും തേച്ചു മിനുക്കി വച്ചു
പെണ്ണറകളിലെ കന്മഷം തീർക്കുവാൻ
വിയർപ്പു തുള്ളികളിലെ മുത്തുകൾ
ചേർത്ത് വച്ചു
അടുക്കളയിലെ
സമരചൂളയിൽ
സ്വയം വെന്തുരുകി പാകപ്പെടുത്തി വെച്ചു
വിളക്കണച്ചു വിടപറഞ്ഞിട്ടും
രാവിലെകൾ പിൻവിളി
തുടർന്നുകൊണ്ടേയിരുന്നു
തുറന്നിട്ട
ചില്ലുജാലകങ്ങൾക്കപ്പുറത്തുനിന്ന്
ഒഴുകിയെത്തിയ സുഗന്ധം
മുല്ലപ്പൂവിന്റേതായിരുന്നു
ദേശങ്ങൾ കടന്നും തീരാത്ത
ചൂഷണത്തിന്റെ ചെന്നീർക്കണം

# ഇന്ദ്രനീലം



മൂക്കുത്തിയിലെ കല്ലുകൾ
അടർന്നുവീണ നേരത്താണ്
അവന്റെ അപഥസഞ്ചാരത്തെ
കുറിച്ച് അവളോർത്തത്
തോട്ടിറമ്പിലെ പായലുകൾ മൂടിയ
മൺമതിലിനു മുകളിലൂടെ
ഞാണിറങ്ങിയ കുമ്പളവള്ളികൾ
ഭ്രാന്തമായി ആടുകയായിരുന്നു.
ഹൃദയരക്തം കൊണ്ടൊട്ടിച്ച
മൂക്കുത്തിക്കല്ലുകൾ
മലർന്നടിച്ചു വീണ
ദാമ്പത്യത്തിനു മുകളിലൂടെ
പ്രളയജലത്തോടൊപ്പം
ഒഴുകിനടന്നു.

●



ഡോ. കൂമുള്ളി ശിവരാമൻ

# അക്ഷരവിദ്യയുടെ ആകാശങ്ങൾ

**യോ**ഗാത്മകവിദ്യയാണ് ഭാരതീയകാവ്യകലയുടെ സഞ്ചാരസമാധി. വേദോപനിഷദ്കവികൾ, വാല്മീകി, വ്യാസൻ, ശ്രീശങ്കരൻ, വിവേകാനന്ദൻ, അരവിന്ദൻ, ടാഗോർ, നാരായണഗുരു മുതലായ വിശ്വപ്രതിഭകളുടെ മുനിമാനസത്തിൽ നിത്യതയുടെ മന്ത്രമായാണ് കവിത വിടർന്നത്. ആ ദർശനസാക്ഷ്യത്തിന്റെ ആധുനികമുഖം മലയാളത്തിൽ ആംശികമായി സാക്ഷാത്കരിച്ചത് ജി.ശങ്കരക്കുറുപ്പും ആർ.രാമചന്ദ്രനുമാണ്. രാമചന്ദ്രന്റെ കാവ്യലോകത്തിനെ ദാർശനികമായ കാവ്യവിതാനങ്ങളിലും ചിന്താബന്ധുരമായ നിരീക്ഷണത്തിലും ശുദ്ധകവിതയുടെ സ്വരസ്ഥാനങ്ങളിലും അടയാളപ്പെടുത്തുകയാണ് ശ്രീഹർഷൻ.

''സൗന്ദര്യവും ഭീതിയും, വെളിച്ചവും ഇരുളും നിഴലും, നിശ്ശബ്ദതയും ആരവവും, ശാന്തതയും ഉഗ്രതയും. വിരുദ്ധമായ ചേരുവകളെല്ലാം ഒന്നായിത്തീർന്ന ജീവിതത്തിന്റെ അപാരതയിലേക്ക് പടരുകയാണ് ആർ.രാമചന്ദ്രന്റെ ഓരോ കവിതയും. പ്രപഞ്ചത്തിന്റെ നീലാപാരതയും നീലശൂന്യതയും. പൂർണവും അപൂർണവും തമ്മിലുള്ള മിശ്രണം. ഒന്നും പൂജ്യവും തമ്മിലുള്ള ഏകത.'' കവിതയുടെ സ്വയംനിർമ്മിത ലോകത്തിൽ ഏകനും ശോകമൂകനുമായി സഞ്ചരിച്ച കവിയുടെ വേവും വേപഥുവും ശ്രീഹർഷന്റെ ഈ വാക്യങ്ങളിൽ നിഴലിടുന്നുണ്ട്.

അവധൂതാകാശങ്ങളിൽ ഉദിക്കുന്ന നിത്യതയുടെ നീലനിലാവാണ് രാമചന്ദ്രന്റെ കവിത. ഏകാകിയുടെ സാന്ധ്യാകാശങ്ങളിൽ ഒരു കരിമേഘത്തുണ്ട് എന്തിനോ വേണ്ടി ഒഴുകിപ്പോകുന്നു. നാക്കില്ലാത്ത വേദനയുടെ തീരങ്ങളിൽ ഇളംകാറ്റിന്റെ ഈണങ്ങൾ ആരെയോ തേടിനടക്കുന്നു. ആത്മാന്വേഷകൻ സ്വാത്മാവിനോട് ചോദിക്കുന്നു – 'ആരെ?' 'എന്തിനെ?' പിന്നെ...! ഉത്തരംതന്നെ ചോദ്യമാകുന്നു. 'നിങ്ങളാരാണ്?' ചരാചരങ്ങളിൽ പരസ്പരം ചോദിച്ച് സ്വയം ഉത്തരമായി മാറിയ ആദ്യത്തെയും അവസാനത്തെയും ആ ചോദ്യം പോലെ പ്രകൃതിപ്പൊരുളിന്റെ രഹസ്യ അറകൾ തുറന്നുകിട്ടാതെ രാമചന്ദ്രനും ചോദ്യചിഹ്നമാകുന്നു. ''ഉത്തരമായി പരിണമിക്കുന്ന ചോദ്യങ്ങളോ ചോദ്യങ്ങളായി പരിണമിക്കുന്ന ഉത്തരങ്ങളോ ആണ് രാമചന്ദ്രന്റെ മിക്ക കവിതകളും.'' എന്ന ഗ്രന്ഥകാരന്റെ നിരീക്ഷണവേര് ഉപനിഷത്തിലെ ഗുരുശിഷ്യസംവാദത്തിന്റെ ആന്തരികപ്പൊരുൾ കൂടി അനാവരണം ചെയ്യുന്നുണ്ട്.

ചിദാകാശത്ത് വിരിയുന്ന ചിത്രങ്ങളായാണ് രാമചന്ദ്രന്റെ കവിത അതിന്റെ ലാവണ്യമുഖം പ്രദർശിപ്പിക്കുക. ശ്ലഥബിംബങ്ങളിലൂടെയും അതീതബിംബങ്ങളിലൂടെയും അവ മോഹനമായ കാഴ്ചയുടെ മുഖപടലമെഴുതുന്നു. വാക്കുകൾക്ക് അവിടെ സ്ഥാനം നഷ്ടപ്പെടുമെന്ന് കവി അറിയുന്നുണ്ട്. രേഖയും വർണവും രേഖാംശരേഖയുമായി കവിത ചിത്രമായൊഴുകുന്നു. പദങ്ങളുപേക്ഷിച്ച് വർണം തേടുന്ന ചിത്രകാ രനായി മാറുകയാണ് ആർ.രാമചന്ദ്രനിലെ കവി. വാങ്മയചിത്രമെന്നോ ഇമേജറിയെന്നോ കേവലനാമം നൽകാനാകാത്ത രൂപലാവണ്യത്തിലേക്കും

അവ വഴിമാറുന്നു. പി.കുഞ്ഞിരാമൻനായർ ഇമേജറിയുടെ ഗംഗാപ്രവാഹത്തിൽ മുഴുകവേ ആർ.രാമചന്ദ്രൻ ചുമർച്ചിത്രസന്നിവേശത്തിന്റെ വസന്തഭംഗികളിലേക്കും ദാർശനികമായ അന്തർനാദത്തിലേക്കുമാണ് സഞ്ചരിക്കുന്നത്. 'അജന്ത', 'പരിത്യക്തർ', 'പിന്നെ' തുടങ്ങിയ കൊച്ചു കവനങ്ങൾ കവിയുടെ തരളവൈകാരികതയ്ക്കും കല്പനാചാതുരിക്കുമപ്പുറം ചിത്രകാരന്റെ വിരൽവിരുതും ലാവണ്യാനുശീലനങ്ങളും പ്രദർശിപ്പിക്കുന്നു. രാമചന്ദ്രനിലെ കവി ദാർശനികമൗനത്തിന്റെ ചിത്രകാരനാണ്. ശ്രീഹർഷന്റെ ആഖ്യാനങ്ങളിൽ ഇത് ധ്വനിയായുണ്ട്.

അപാരത, ശൂന്യത, നിഴൽ, വിഷാദം, മിഥ്യ, കാലം, സന്ധ്യ, ശ്യാമം, ശോകം, മൗനം തുടങ്ങിയ വാക്കുകൾ സൃഷ്ടിക്കുന്ന അതീതമാനവും ഗഹനതയും കവി ആവർത്തിച്ചുപയോഗിക്കുന്നത് അബോധപൂർവമാണ്. ചിത്രകാരന് ഇഷ്ടവർണത്തോടുള്ള പ്രതിപത്തിക്ക് സമാനമാണിത്. ചിത്രണവിദ്യയായി കവിതയെ സങ്കല്പിക്കുമ്പോൾ സാമൂഹ്യാവബോധത്തിനോ കാലികപ്രശ്നങ്ങൾക്കോ അവിടെ പ്രസക്തിയില്ലാതാവുന്നു. 'പരിചിതമാണെനിക്കാ മധുരസ്വരം' എന്ന ഗ്രന്ഥഭാഗം സൂക്ഷ്മമായ വിചിന്തനംകൊണ്ടും ശ്രേഷ്ഠമായ വ്യാഖ്യാനശ്രുതി കൊണ്ടും ശ്രദ്ധേയമാണ്. 'പാടാനോർത്തൊരു മധുരിതഗാനം പാടിയ തില്ലല്ലോ' എന്ന ടാഗോർ പാടിയപോലെ എഴുതാതെപോയ സ്വന്തം കവിതകളെക്കുറിച്ചാണ് രാമചന്ദ്രൻമാഷ് സൂചിപ്പിക്കുന്നത്. ആത്മാലാ പമായ കവിതകൾ ഏറെയും എഴുതപ്പെടാത്തവയാണെന്ന മധുരവേദനയും കവിയുടെ തുടർന്നുള്ള ആത്മസങ്കർഷങ്ങളും ചൂണ്ടിക്കാട്ടി വാക്കുകളെ ദഹിപ്പിക്കുന്ന ആഗ്നിവിദ്യയുടെ ഭാഗമാണിതെന്ന് ഔചിത്യപൂർവം കണ്ടെത്തി അവതരിപ്പിക്കുകയാണ് ശ്രീഹർഷൻ ഈ അധ്യായത്തിൽ.

''വേണുവുമായി വന്നെത്തുമിടയനെ-
ക്കാണാതുഴന്നിടുമാട്ടിൻ കിടാങ്ങൾപോൽ
അജ്ഞരായ്, വഴിയറ്റോരിരുളിലൂ-
ടന്നിരാലംബരലഞ്ഞു നടക്കയാം.''

എന്ന വരികളിൽത്തുടിക്കുന്ന വൈകാരികപ്രക്ഷുബ്ധതയും നിസ്സഹായതയും സമാനഹൃദയർ സ്വന്തമാക്കും. അമ്മ വേർപെട്ട കുഞ്ഞാടിന്റെ കരച്ചിലിലാണ് രാമചന്ദ്രകവിതയുടെ വിരഹധ്വനി. സാന്ദ്രസൗഭഗശോകത്തെ ഉള്ളിലുജ്വലിപ്പിക്കുന്ന കവി 'ദുഃഖമാണെന്നോ ഭദ്രേ' യെന്ന സംബോധനയിലാണ് അജന്തയിലെ ശ്യാമസുന്ദരിയെ, ഉണരുന്ന സ്വന്തം ജന്മാന്തരസൗഹൃദസ്മരണയിലേക്ക് നയിക്കുന്നത്. 'പ്രേത ഭൂമി'യും 'അജന്ത'യും 'പ്രലോഭന'വുമെല്ലാം നവീനസംവേദനത്തിൽ സ്വാംശീകരിക്കാനും കവിതയുടെ ആത്മാവിനെ ഇഴപിരിച്ച് അപഗ്രഥിക്കാനുമുള്ള ഗ്രന്ഥകാരന്റെ പാടവം വിസ്മയനീയമാണ്.

മൗനത്തെ പ്രകൃതിയുടെ ലാവണ്യപശ്ചാത്തലത്തിൽ ദർശിക്കാനും ജീവിതത്തിന്റെ അനാഥത്വത്തെ തുയിലുണർത്താനും രാമചന്ദ്രനിലെ കവി ഉണർന്നുനിന്നു. ഭ്രമാത്മകമായ പ്രപഞ്ചജ്ഞാനത്തിന്റെയും പ്രകൃതിധ്യാനത്തിന്റെയും തപസ്സിലാണ് ആ രചനകൾ ഗഹനമാകുന്നത്. ഒരർഥത്തിൽ ദുർഗ്രഹമാകുന്നതും. ആധുനികകവിതയ്ക്ക് ആത്മനിഷ്ഠവും സൂക്ഷ്മാനുഭൂതിപരവുമായ അഗാധതയേകാൻ രാമചന്ദ്രന്റെ ശോകസന്ധ്യാകീർത്തനങ്ങൾ ശംഖനാദം പോലെ മുഴങ്ങുകയായിരുന്നു. വിഹ്വലനായ മനുഷ്യന്റെ ദൈന്യതയും നിരാലംബതയും തന്നെയാണ് കവിയുടെ ദർശനസമീക്ഷയുടെ അകംപൊരുൾ. ഏകാകിതയും നിസ്സഹായതയും നിഗൂഢതയും അനാഥത്വവും അസ്തിത്വത്തിന്റെ അശാന്തിപർവങ്ങളായി അവിടെ വായിച്ചെടുക്കാം.

ഈ ഗ്രന്ഥം തന്നെ ആ ദിവ്യദുഃഖത്തെ വിവിധ കോണുകളിൽ ദർശിച്ച് നിർവചിക്കാൻ ശ്രമിച്ചതിന്റെ സദ്ഫലമായി കണക്കാക്കാം. സ്നേഹം പോലും നിഗൂഢവും അനാഥവുമാണെന്ന് സ്കല്പിക്കയാണ് കവി. സ്നേഹമാധുര്യത്തിനും സ്നേഹവിഷാദത്തിനും ആ ആത്മസത്തയെ ഉത്തേജിപ്പിക്കാനാവുന്നു. 'സ്നേഹം അനന്തശാന്തിയിലേക്കുള്ള രക്ഷാമാർഗമാണ്. സ്നേഹം സ്പർശമണി തന്നെ-കവിതയിലും ജീവിതത്തിലും' എന്ന സ്നേഹോപനിഷത്തിൽ കനിവിന്റെ കിനാവുകളായി ആ വരികൾ സഞ്ചരിക്കുന്നു. 'ദൈവം പോലും ഏകാകിതയും അനാഥത്വവും അസ്തിത്വവിഷാദവും പേറിനില്ക്കയാണെന്ന ദൈവസങ്കല്പം കാവ്യാത്മകമായ മാനം തേടുന്നു.

തഥാഗതന്റെ ചുണ്ടിൽ വിരിയുന്ന ധന്യമായ സൂര്യകിരണമാണ് രാമചന്ദ്രഭാവഗീതി. അജന്താഗുഹയിലെ ഇരുട്ട് ആദിതമസ്സായി അനുഭവിച്ചറിയാനും ശില്പസമുച്ചയം തേടുന്ന വിഭൂതിപ്രത്യക്ഷങ്ങളെ സമ്പന്നമാക്കാനും കവിയുടെ തഥാഗതമൗനം നോമ്പിടുന്നു. അവ്യാഖേയമെങ്കിലും സമാനഹൃദയത്തിൽ അവ സ്നേഹമാനവത വിടർത്തും. പ്രസാദാത്മകമായ ദർശനവീര്യത്തെ സാന്ധ്യഛായയിൽ പരക്കുന്ന നിഴലിനൊപ്പം നിർത്താൻ കവിബുദ്ധൻ ശ്രമിക്കുന്നുണ്ടെങ്കിലും ജീവിതകാമനയുടെ ഭാവാ

ത്മകമായ ആ പൂക്കളത്തിൽ മധുവും മണവും. തേടി ചിത്രപതംഗങ്ങൾ ചിറകു വിരിക്കും. ഈ യൊരു വിചാര ധാരയിൽനിന്നു വേണം സഹൃദയർ മൂല്യനിർണയത്തിൽ ഈ അക്ഷരസാക്ഷ്യത്തെ അനുധാവനം ചെയ്യേണ്ടത്. 'ദർശനം', 'കാലം', 'ബോധബിന്ദുക്കൾ' തുടങ്ങിയ സൃഷ്ടികൾ ആഖ്യാനം ചെയ്യുന്ന ഭാവതലം ചർച്ച ചെയ്യുമ്പോൾ വാക്കുകൾക്കിടയിലെ അകലം വിവരണാതീതമായ അനുഭവതലങ്ങൾ സൃഷ്ടിക്കുന്നതായി ശ്രീഹർഷൻ വിവരിക്കുന്നുണ്ട്. യഥാർഥത്തിൽ വാക്കിന്റെ ഉൾപ്പൊരുൾമന്ത്രത്തിൽ കവി തേടിയെടുക്കുന്നതും സഹൃദയർ നേടിയെടുക്കുന്നതുമായ ആകാശ ങ്ങളുണ്ട്. അതീതസത്യങ്ങളെയും പ്രപഞ്ചത്തിന്റെ മായിക പ്രഭാവങ്ങ ളെയും അവ അദ്വൈതത്തിന്റെ ആത്മ ബിന്ദുവിൽ അകലങ്ങളില്ലാതെ സ്വാംശീകരിക്കുന്നു.

ജീവിതം ശൂന്യമാകുന്നുവെന്ന് ശാക്യമുനി പറയുന്നുണ്ട്. അഹം പൂർണമായി അപ്രത്യക്ഷമാകുമ്പോൾ ആ ശൂന്യതയുടെ ഇടങ്ങളിൽ ദിവ്യോർജം വന്നുനിറയും. ആത്മാവിൽ ഭൗതികവും ആത്മീയവുമായ സർവ വിചാരവികാരങ്ങളും അസ്തമിക്കുന്നു. അസ്തത്വത്തിൽ നിന്നും അബോധമനസ്സിനെ അകറ്റി ബോധസ്വരൂപത്തിലെത്തുമ്പോൾ അവിടെ പൂർണതയുടെ വെൺതാമര വിരിയും. ശാന്തിയും മൗനവുമായി സൗരഭ്യം നിറയും. ബോധോദയം അതീതാനന്ദം തന്നെ. 'നീ സത്യം ജ്ഞാനമാനന്ദം' എന്ന ഗുരുവിഭൂതിയാണത്. യോഗാത്മകമായ നിത്യാനന്ദനീലിമയാണ് ഈ കവിയുടെ ആത്മാനന്ദലക്ഷ്യം. 'ഒന്നുമില്ല' തുടങ്ങിയ കവിതകൾ ശുദ്ധശൂന്യതയുടെ പൂർണത തന്നെ. പുതിയത് പറയുക, പൂർണതയെക്കുറിച്ച് പറയുക എന്ന തഥാഗത മാർഗമാണിത്. സ്ഥലകാലങ്ങളും, ഇരുൾവെളിച്ചങ്ങളും, സത്യാസത്യങ്ങളും, ധർമ്മാധർമ്മങ്ങളും, ശുദ്ധാശുദ്ധങ്ങളും ഏകമാണെന്നെണ്ണുന്ന അദ്വൈതപ്രമാണമാണിത്. ദ്വന്ദ്വങ്ങൾ അസ്തമിച്ച യോഗാത്മകകവിയുടെ ആർ ഷനാദപ്രത്യക്ഷത്തിന്റെ ആംശികസാക്ഷാത്കാരമാണ് ആർ. രാമചന്ദ്രന്റെ സർഗസാക്ഷ്യം.

കവിതയുടെ പദം, അർഥം, ധ്വനി, അലങ്കാരം, താളം എന്നീ തലങ്ങളിലുള്ള ബന്ധദാർഢ്യത്തിൽ 'ശ്രദ്ധയോടെയുള്ള ഒരശ്രദ്ധ' കവി പുലർത്തുന്നുണ്ട്. ബിംബസംവിധാനവും ആശയങ്ങളുമായി കവിതയുടെ അന്തർനാദത്തിലേക്കും സാന്ദ്രിമയിലേക്കും അത് പ്രവേശിക്കുന്നു. കവിതയുടെ രൂപഭാവശില്പം സൃഷ്ടിക്കാൻ പദങ്ങളുടെ സൂക്ഷ്മാനുഭതലമാണ് ഉപയോഗിക്കുന്നത്.

''ഒന്നുമില്ലൊന്നുമില്ല

മീതെ

പകച്ചേ നിൽക്കുമംബരം മാത്രം

താഴെ

കരളുറഞ്ഞുപോം പാരിടം മാത്രം.''

ഇങ്ങനെ ഭാഷാപ്രയോഗത്തിലും ഭാഷാനിയോഗത്തിലുമുള്ള അനന്തമായ സാധ്യതകൾ സൃഷ്ടിക്കുന്ന പാറ്റേണുകളിൽ തെളിയുന്ന ഭാഷാനവീനത്വം രാമചന്ദ്രൻകവിതയുടെ ശക്തിശ്രോതസ്സാണ്. വാക്കിന്റെയും അർഥത്തിന്റെയും നൂതനമായ ധ്വനിവൈചിത്ര്യങ്ങളിലും ശബ്ദത്തിന്റെയും അർഥാന്തരങ്ങളുടെയും സൂക്ഷ്മാനുഭൂതിതലത്തിലും ശൈലീവിചാരതത്ത്വങ്ങളുടെ പ്രായോഗികരീതികൾ കവി പരിക്ഷിച്ചറിഞ്ഞിരുന്നു.

''പിന്നെ?

സന്ധ്യകൾ

മരവിച്ചേ

മരിക്കും മാർഗം

പിന്നെ?

പറക്കാൻ കൊതിയാർന്നേ

വാടി വീണിടും മലർ''


വാർന്നുവീഴുന്ന വരികൾക്കപ്പുറം കവിമനസ്സിന്റെ മനോഘടനയും സർഗസംസ്കൃതിയുമാണ് ഇവിടെ പ്രതിഫലിക്കുക. ഇമേജുകളുടെ സങ്കല്പനവൈവിധ്യങ്ങൾ, ആദിബിംബങ്ങളുടെ ഔചിത്യലയനം, ബിംബാവലികളുടെ നിയതക്രമങ്ങൾ, പുരാവൃത്തങ്ങളുടെ ലയനസാധ്യതകൾ, ഭാവസംവാഹകങ്ങളായിത്തീരുന്ന ലാവണ്യസൂചകങ്ങളായ അതീതകല്പനകൾ, സംക്ഷേപണകല ഇവയെല്ലാം കാവ്യഭാഷയുടെയും ശൈലിയുടെയും നിയതസൂചകങ്ങളായി കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്തരം കാവ്യശില്പവിചിന്തനങ്ങൾ പാർശ്വവീക്ഷണമായി വിവിധാധ്യായങ്ങളിൽ ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു. സൂക്ഷ്മശരീരിയാണ് സ്വന്തം കവിതയെന്ന് തിരിച്ചരിയുമ്പോഴും കവിതയുടെ അമൂർത്തതയെയും ദാർശനികലാവണ്യത്തെയും കവി ഉൾക്കൊള്ളുന്നുണ്ട്. ആത്മഭാഷണവിദ്യയാണ് രാമചന്ദ്രന് കാവ്യകല. 'തന്നിൽ നിന്ന് താൻ പുറത്തുകടക്കുന്ന വിദ്യയാണ് ആ കാവ്യരചന' എന്ന ശ്രീഹർഷന്റെ നിഗമനം ഈ ധ്വനിവിചാരത്തിൽ അധിഷ്ഠിതമാണ്.

ആർ.രാമചന്ദ്രന്റെ നിസ്സംഗത്വം നിറയുന്ന ജീവിതദർശനവും മൗനമൂറുന്ന കവിതയുടെ അന്തർനാദവും സംവേദനത്വത്തിന്റെ മാറ്റിൽ

അനുഭവിച്ചറിയുകയാണ് ശ്രീഹർഷൻ. ആത്മ നിഷ്ഠമായ തപസ്സും സൂക്ഷ്മനിരീക്ഷണപടുത്വ വും വ്യാഖ്യാനകൗശലവും ഇതിന് വഴിയൊ രുക്കുന്നു. ശുദ്ധകവിതപോലെ വിശുദ്ധസ്പർശം ഏറ്റുവാങ്ങുകയാണ് ഈ ഗ്രന്ഥം.

ഭാവഗഗീതിയുടെ ആത്മരസം വെളിവാക്കുന്ന അക്ഷരമാനസം സമാനഹൃദയരുമായി സാഹ്ലാദം പങ്കുവയ്ക്കുന്നു.

*(എം. ശ്രീഹർഷൻ രചിച്ച് പൂർണ പ്രസിദ്ധീകരിച്ച 'ആർ. രാമചന്ദ്രന്റെ കാവ്യലോകത്തിലൂടെ' എന്ന പുസ്തകത്തിൽ നിന്ന്)*



# പി.എൻ. പണിക്കരുടെ സ്മരണയിൽ വായനവാരാചരണം

**കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ, മലയാളത്തിലെ പ്രശസ്ത എഴുത്തുകാരായ ഡോ. കെ. ശ്രീകുമാർ, കെ.ജി. രഘുനാഥ്, ഉണ്ണി അമ്മയമ്പലം, രാധിക. സി. നായർ, വി.പി. ഏലിയാസ് എന്നിവർ വിവിധ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുമായി സംവദിച്ചു.**









# കേന്ദ്രസാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം ഉണ്ണി അമ്മയമ്പലത്തിന്



പറക്കുംപാവ ചിരിക്കും കൂട്ടുകാർ



₹ 80

സൂക്ഷ്മജീവി സൂപ്പർ ജീവി



₹ 120

വരൂ കുട്ടികളെ ബാപ്പുജി വിളിക്കുന്നു



₹ 70

**പു**തിയ കാലത്തെ ശാസ്ത്ര-സാങ്കേതിക വിഷയങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന 'അൽഗോരിതങ്ങളുടെ നാട്' എന്ന സയൻസ് ഫിക്ഷൻ നോവലിനാണ് പുരസ്കാരം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആണ് പ്രസാധകർ.

നോവൽ, വൈജ്ഞാനികം എന്നീ വിഭാഗങ്ങളിലായി അമ്പതിലധികം പുസ്തകങ്ങൾ മലയാളം അധ്യാപകൻ കൂടിയായ ഉണ്ണി അമ്മയമ്പലം കുട്ടികൾക്കായി രചിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക സാഹിത്യത്തിനുള്ള അവാർഡ് 'കേരളത്തിലെ കായലുകൾ' എന്ന കൃതിക്ക് ലഭിച്ചിട്ടുണ്ട്. 'സൂക്ഷ്മജീവി സൂപ്പർ ജീവി' എന്ന കൃതി മികച്ച ശാസ്ത്രഗ്രന്ഥത്തിനുള്ള പുരസ്കാരവും 'മാജിക് സ്കൂൾ ബസ്സ്' മികച്ച നോവലിനുള്ള പുരസ്കാരവും നേടിയിട്ടുണ്ട്. 'വരൂ കുട്ടികളെ ബാപ്പുജി വിളിക്കുന്നു', 'പറക്കും പാവ ചിരിക്കും കൂട്ടുകാർ', 'സൂക്ഷ്മജീവി സൂപ്പർജീവി' തുടങ്ങിയവ പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച രചനകളാണ്.

---

# അടൂർ ഗോപാലകൃഷ്ണന് പി. കേശവദേവ് സാഹിത്യപുരസ്കാരം



പി. കേശവദേവ് ട്രസ്റ്റ് ഏർപ്പെടുത്തിയ സാഹിത്യപുരസ്കാരം കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി, സിനിമാസംവിധായകൻ അടൂർഗോപാലകൃഷ്ണന് സമ്മാനിച്ചു. പി. കേശവദേവ് ട്രസ്റ്റ് ചെയർമാൻ സീതാലക്ഷ്മിദേവ് അധ്യക്ഷതവഹിച്ച ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, മുൻമന്ത്രി എം. കെ. മുനീർ, ഡോ. ജോർജ് ഓണക്കൂർ, ജി. ശങ്കർ, ടി. പി. ശ്രീനിവാസൻ, ഡോ. ജ്യോതിദേവ് കേശവദേവ്, സുനിതാ ജ്യോതിദേവ്, ഡോ. കൃഷ്ണദേവ്, ഡോ. അരുൺ ശങ്കർ തുടങ്ങിയവർ സംബന്ധിച്ചു.

## മലയാളത്തിലെ ആദ്യ ബാലസാഹിത്യചരിത്ര ഗ്രന്ഥം

# മലയാള ബാലസാഹിത്യ ചരിത്രം






ഡോ. കെ. ശ്രീകുമാർ

മുഖവില: ₹1500
(രണ്ടു വാല്യങ്ങൾക്കും കൂടി)

**പ്രത്യേക വില: ₹999**
(തപാൽചാർജ് സൗജന്യം)

ബാലസാഹിത്യത്തിന്റെ ലോക -ഭാരതീയ പാരമ്പര്യങ്ങൾ, വാമൊഴിവഴക്കം, നെടുംതൂണുകൾ, ഇരുപതാംനൂറ്റാണ്ടു വരെ, ഇരുപത് - ഇരുപത്തൊന്ന് നൂറ്റാണ്ടുകൾ, പാഠപുസ്തകങ്ങളിലെ ബാലസാഹിത്യം, സോവിയറ്റ് നാട്ടിലെ ബാലകഥാലോകം, രചയിതാക്കളും സംഭാവനകളും, ബാല പ്രസിദ്ധീകരണങ്ങൾ, ബാലസാഹിത്യ പുരസ്കാരങ്ങൾ, വിവാദങ്ങൾ, സ്ഥാപനങ്ങൾ സംഘടനകൾ, പഠന - ലക്ഷണഗ്രന്ഥങ്ങൾ, ബഹുവർണ ചിത്രപ്പുറങ്ങൾ, ഗ്രന്ഥസൂചി

**പന്ത്രണ്ടോളം ദേശീയ - സംസ്ഥാന പുരസ്കാരങ്ങൾ നേടിയ പ്രശസ്തഗ്രന്ഥം!**



**കാലം ആവശ്യപ്പെടുന്ന ഒരു ചരിത്രഗ്രന്ഥം**
**അവതാരികയിൽ എം. ടി. വാസുദേവൻ നായർ**

## പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട്

9746473334 ൽ വിളിക്കൂ
പുസ്തകം വീട്ടിലെത്തും

www.tbsbook.com

POORNASREE MONTHLY

Date of Publication : 02 June 2024
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022-2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment

# സമ്മാനപ്പൊതി 8 സീസൺ

ജനറൽ എഡിറ്റർ:
**ഡോ. കെ. ശ്രീകുമാർ**





## പ്രശസ്ത എഴുത്തുകാരുടെ 22 മികച്ച ബാലസാഹിത്യകൃതികൾ!

| | | |
|---|---|---|
| **ചുപ്പാമണി** (കഥ) | സി. രാധാകൃഷ്ണൻ | 65.00 |
| **വരൂ, ശാസ്ത്രജ്ഞരാവാം** (വൈജ്ഞാനികം) | പ്രൊഫ. എസ്. ശിവദാസ് | 160.00 |
| **ഗരുഡകഥകൾ** (പുനരാഖ്യാനം) | സിപ്പി പള്ളിപ്പുറം | 110.00 |
| **ഗണേശകഥകൾ** (പുനരാഖ്യാനം) | മലയത്ത് അപ്പുണ്ണി | 65.00 |
| **മാൾട്ടി** (കഥ) | വി.കെ. ശ്രീരാമൻ | 125.00 |
| **അച്ഛൻ പറഞ്ഞതും മകൻ അറിഞ്ഞതും** (വൈജ്ഞാനികം) | പി.കെ. ഗോപി | 95.00 |
| **മാന്ത്രികപ്പട്ടം** (നോവൽ) | വീരാൻകുട്ടി | 65.00 |
| **വൈകിവിടർന്ന മയിൽപ്പീലികൾ** (നോവൽ) | ജനു | 100.00 |
| **ഡ്രാക്കുളയുടെ നിധി** (നോവൽ) | ബിമൽകുമാർ രാമങ്കരി | 150.00 |
| **പൂങ്കിണ്ണം** (കവിത) | അസുരമംഗലം വിജയകുമാർ | 85.00 |
| **കുട്ടനും കുട്ടിക്കുരങ്ങനും** (നോവൽ) | വെണ്ണല മോഹൻ | 120.00 |
| **നിലാവിന്റെ തട്ടം** (കവിത) | ഇ. ജിനൻ | 85.00 |
| **മാനം തൊടുന്ന മരം** (കഥ) | സുനിൽ പി. മതിലകം | 55.00 |
| **പെൻസിലും ജലറാണിയും** (കഥ) | ആഗ്ന യാമി | 65.00 |
| **നിമിലിത** (നോവൽ) | ഡോ. സുഷമ ബിന്ദു | 75.00 |
| **കാണാക്കാഴ്ചകൾ** (കഥ) | രാധികാദേവി റ്റി.ആർ. | 95.00 |
| **ആകാശപ്പഞ്ഞികൾ** (നോവൽ) | ഷസിയ | 65.00 |
| **അമ്പിളിയുരുളി** (കവിത) | സി. സാന്ദീപനി | 85.00 |
| **പ്രകൃതിപാഠം** (നോവൽ) | രമേഷ് വട്ടിങ്ങാവിൽ | 75.00 |
| **ലീഡർ ആമി** (നോവൽ) | ബീന മേലഴി | 55.00 |
| **അക്ഷരലഹരി** (ജീവചരിത്രം) | അഞ്ജലി രാജീവ് | 105.00 |
| **ഗോപ** (നോവൽ) | ഡോ. കെ. ശ്രീകുമാർ | 100.00 |

**22 പുസ്തകങ്ങളടങ്ങുന്ന സെറ്റിന്**

മുഖവില ₹2000

**പ്രത്യേക വില ₹1500**

കവർ ചിത്രം : **എൻ.ജി. സുരേഷ് കുമാർ** കവർ ഡിസൈൻ : **രാജേഷ് ചാലോട്** ചിത്രീകരണം : **അനിത ജിതിൻ**

**പൂർണ പബ്ലിക്കേഷൻസ്**

Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut